കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പെരുവള്ളൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
കെ.എസ്.എ.എം.പി.എം15/2608/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 17/12/2024
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പെരുവള്ളൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പെരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്മേലും അതിന്മേൽ എടുത്ത

തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ:
കെ.എസ്.എ.എം.പി.എം15/2608/2024

തീയ്യതി: 17/12/2024

മലപ്പുറം ജില്ലയിലെ പെരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പെരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 23-11-2023 മുതൽ 10-11-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. ചിത്രലേഖ. കെ. കെ, കെ.എ.എസ്	ഡെപ്യൂട്ടി ഡയറക്ടർ	11-11-2024	19-11-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
11-11-2024	19-11-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സക്കീർ ഹുസൈൻ പി., ഓഡിറ്റ് ഓഫീസർ
ശ്രീമതി അസീന എ.പി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ഷജീർ കെ., ഓഡിറ്റർ (സീനിയർ ഗ്രേഡ്)
ശ്രീമതി സക്കീന കെ., ഓഡിറ്റർ (സീനിയർ ഗ്രേഡ്)
ശ്രീ. മുഹമ്മദ് ആഖിൽ പി., ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. അബ്ദുൾ കലാം കെ.	പ്രസിഡന്റ്	01-04-2023	31-03-2024
ശ്രീമതി ശൈലജ എം	സെക്രട്ടറി	01-04-2023	31-07-2023
ഡോ. ശ്രീകല എം.	സെക്രട്ടറി	01-08-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി ശൈലജ എം	സെക്രട്ടറി	01-04-2023	31-07-2023
ഡോ. ശ്രീകല എം.	സെക്രട്ടറി	01-08-2023	31-03-2024
ശ്രീമതി ജോളി ജോൺ ജെ.	അസിസ്റ്റന്റ് സെക്രട്ടറി	01-04-2023	31-03-2024
ശ്രീ. സുഗതൻ എ.വി.	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2023	05-07-2023
ശ്രീമതി ബിന്ദു പി.	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	06-07-2023	30-09-2023
ശ്രീ. അനിൽ കുമാർ വി.വി.	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	01-10-2023	31-03-2024
ശ്രീ. ശ്രീകാന്ത് എസ്.	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2023	31-03-2024
ഡോ. മുഹമ്മദ് റാസി പി.	മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി.)	01-04-2023	31-03-2024
ശ്രീമതി ബിസ്ന എൻ	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2023	18-02-2024
ശ്രീ. രാഹുൽ ആർ	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	19-02-2024	31-03-2024
ശ്രീ. മനോജ് കെ.	ഹെഡ്മാസ്റ്റർ	01-04-2023	08-06-2023
ശ്രീമതി ഖദീജ തച്ചരുപടിക്കൽ	ഹെഡ്മിസ്ട്രസ്	09-06-2023	31-03-2024
ഡോ. വിദ്യാ ബാലു	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-04-2023	31-03-2024

ശ്രീ. നന്ദകുമാർ പി.	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2023	31-03-2024
ഡോ. ഷിജി എൻ.	വെറ്ററിനറി സർജൻ	01-04-2023	24-04-2023
ഡോ. ഫാത്തിമ	വെറ്ററിനറി സർജൻ	25-04-2023	11-06-2023
ഡോ. ജാബിർ കെ.	വെറ്ററിനറി സർജൻ	12-06-2023	31-03-2024
ഡോ. സുനന്ത കുമാർ പി.	മെഡിക്കൽ ഓഫീസർ (ഹോമിയോ)	01-04-2023	31-03-2024
ശ്രീ. ജേക്കബ് ജോർജ്	കൃഷി ഓഫീസർ	01-04-2023	31-03-2024
ഡോ. അബ്ദുൾ റഫീഖ് ഒ.പി.	മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)	01-04-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല	1-1-1
3	ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല	1-1-2
4	തേയ്മാനം കണക്കാക്കിയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല	1-1-3
5	ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല	1-1-4
6	പ്രയർ പിരിയേഡ് ഇനങ്ങളിലെ അപാകങ്ങൾ	1-1-5
7	രജിസ്റ്റർ പ്രകാരമുള്ള വരവ് വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വരവിനോട് പൊരുത്തപ്പെടുന്നില്ല	1-1-6
8	വായ്പാ നീക്കിയിരിപ്പ് - രജിസ്റ്ററും വാർഷിക ധനകാര്യ പത്രികയും തമ്മിൽ പൊരുത്തപ്പെടുന്നില്ല	1-1-7
9	ബാങ്ക് റീക്കൺസിലിയേഷൻ സ്റ്റേറ്റ്മന്റിലെ ബാങ്ക്ബുക്ക് ബാലൻസ് യഥാർത്ഥ ബാങ്ക്ബുക്ക് ബാലൻസുമായി പൊരുത്തപ്പെടുന്നില്ല	1-1-8
10	ചെക്ക് ഡെപ്പോസിറ്റഡ് തുകകൾ ബാങ്ക് ബുക്കിലേക്ക് വരവു വെക്കുന്നില്ല	1-1-9
11	ബജറ്റ്	1-2
12	സാമ്പത്തിക നില	1-3
13	ഫണ്ട് വിനിയോഗം (അപ്രോപിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)	1-4
14	പദ്ധതി അവലോകനം	1-5
15	തൊഴിലുറപ്പ് പദ്ധതി	1-6
16	ക്ഷേമ പദ്ധതികൾ	1-7
17	ക്യാഷ് പരിശോധന	1-8
18	ആഭ്യന്തര നിയന്ത്രണം	1-9

19	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
20	"ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ -കേരളത്തിലെ മാലിന്യ സംസ്കരണം ഹരിതകർമസേനയിലൂടെ":അവലോകനം	1-11
21	തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നില്ല	1-12
22	കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയില്ല	1-13
23	പാരാമെഡിക്കൽ സ്ഥാപനങ്ങൾ - രജിസ്ട്രേഷൻ, ലൈസൻസ് എന്നിവ സംബന്ധിച്ച അപാകങ്ങൾ	1-14
24	വൈദ്യുതി ബോർഡിൽ തുക ഡെപ്പോസിറ്റ് ചെയ്തത്- പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല	1-15
25	തെരുവ് വിളക്ക് പരിപാലനം - അപാകതകൾ	1-16
26	പ്ലാസ്റ്ററിങ്ങിന് അധിക നിരക്ക് നൽകി	1-17
27	മൺപണിക്ക് അധിക നിരക്ക് നൽകി - ഓഡിറ്റ് നിർദേശത്തെ തുടർന്ന് തിരിച്ചടവാക്കി.	1-18
28	പൊളിച്ച് മാറ്റിയ കരിങ്കല്ല് - ലേലം ചെയ്യുകയോ പുനരുപയോഗിക്കുകയോ ചെയ്തില്ല.	1-19
29	1.2 കോടി രൂപയുടെ ക്യൂ ബില്ലുകൾ . പദ്ധതി നിർവഹണത്തിൽ അനാസ്ഥ	1-20
30	പി.എം.എ.വൈ വിഹിതം നൽകിയത്- വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല	1-21
31	റോഡ് കോൺക്രീറ്റിന് അധികനിരക്ക് നൽകി	1-22-1
32	റോഡ് കോൺക്രീറ്റിന് അധികനിരക്ക് നൽകി	1-22
33	ആട് തീറ്റ വിതരണം - കൃത്യമായ വിതരണ വിവരം ലഭ്യമാക്കിയില്ല.	1-23
34	വൗച്ചറുകൾ ലഭ്യമാക്കിയില്ല.	1-24
35	മുൻകൂറായി തുക നൽകി - മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും മുഴുവൻ ലഭ്യമായില്ല	1-25
36	രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ - അധിക തുക നൽകി.	1-26
37	വാങ്ങൽ നടപടികൾ പാലിക്കാതെ നടീൽ വസ്തുക്കൾ വാങ്ങി.	1-27

38	ഭിന്നശേഷി സ്കോളർഷിപ്പ് വിതരണം- ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് അധിക തുക തിരിച്ചടവാക്കി	1-28
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
1	രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ - അധിക തുക നൽകി.	3-1
ഭാഗം 4		
1	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം	4-1
2	സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4
5	വായ്പ /വായ്പ തിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.	4-8
9	ചാർജ് സർചാർജ് നടപടികളുടെ വിവരം.	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. പെരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റിച്ചർ അക്കൗണ്ട് എന്നിവയും 31.03.2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 24.06.2024 തീയതിയിലെ 2(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 26.06.2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പെരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

സ്ഥലം : മലപ്പുറം
തീയതി: 17-12-2024

1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നീ പത്രികകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

1-1-2 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യ പത്രികയിലെ ആസ്തി തുകകൾ (B-11 Schedule) ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

1-1-3 തേയ്മാനം കണക്കാക്കിയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല

ബാലൻസ് ഷീറ്റ് B-11 പ്രകാരമുള്ള Fixed Asset Depreciation കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ (Rate Of Depreciation, Book Value Of Assets, Life Time Of Assets Etc) എന്നിവ തയ്യാറാക്കി പരിശോധനക്ക് ലഭ്യമാക്കിയില്ല. (2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 58 – 4 (ജി))

1-1-4 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ 'Net Increase In Cash And Cash Equivalance' ആയി രേഖപ്പെടുത്തിയ തുകയും (14304831/-) ഇതേ പത്രികയിൽ 'Net Cash Generated By Operating + Investing + Financing Activity (A+B+C)' ആയി രേഖപ്പെടുത്തിയ തുകയും (19540457/-) തുല്യമല്ല.

1-1-5 പ്രയർ പിരിയേഡ് ഇനങ്ങളിലെ അപാകങ്ങൾ

'Prior Period Expenses' (ഹെഡ് കോഡ്: 290000000, ഷെഡ്യൂൾ I-18), എന്ന ഹെഡിലെ തുക നെഗറ്റീവ് ആയി കാണപ്പെടുന്നു. ആയത് കാരണം Net Difference (D) എന്നത് Prior Period Income, Prior Period Expenses എന്നിവയുടെ വ്യത്യാസത്തിന് തുല്യമാകുന്നില്ല.

1-1-6 രജിസ്റ്റർ പ്രകാരമുള്ള വരവ് വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വരവിനോട് പൊരുത്തപ്പെടുന്നില്ല

താഴെ പറയുന്ന വരവിനങ്ങളിൽ രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റിന് വാർഷിക ധനകാര്യ പത്രികയിലെ ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മന്റ് പ്രകാരമുള്ള ഡിമാന്റിന് തുല്യമല്ല.

ക്രമ നം.	വരവിനം	വാർഷിക ധനകാര്യ പത്രികയിലെ ഹെഡ് കോഡ് - പേര്	ഡിമാന്റ്	
			വാർഷിക ധനകാര്യ പത്രിക പ്രകാരം	രജിസ്റ്റർ പ്രകാരം
1	തൊഴിൽ നികുതി - ജീവനക്കാർ	110200102 - Profession Tax - Employees	1119550	1088550
2	തൊഴിൽ നികുതി - സ്ഥാപനങ്ങൾ	110200101 – Profession Tax - Institutions	11500	12500
3	വസ്തു നികുതി (പാർപ്പിടം + പാർപ്പിടേതരം)	110100101 – Property Tax On Residential Buildings 110100102 – Property Tax On Non-Residential Buildings	7831510	7831721
4	പ്രൈവറ്റ് ഹോസ്പിറ്റലുകളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ഫീ	140100102 – Registration Fee From Private Hospitals & Paramedical Institutions	1200	950

1-1-7 വായ്പാ നീക്കിയിരിപ്പ് - രജിസ്റ്ററും വാർഷിക ധനകാര്യ പത്രികയും തമ്മിൽ പൊരുത്തപ്പെടുന്നില്ല

ലോൺ രജിസ്റ്റർ പ്രകാരം 2023-24 സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ വായ്പയിനത്തിൽ നീക്കിയിരിപ്പ് -50000/- രൂപയാണ്. (50000/- രൂപയുടെ അധിക തിരിച്ചടവ്) എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം (ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-5 – ഹെഡ് കോഡ്: 330500201 – Secured Loans – Loans From KURDFC) വായ്പയിനത്തിലെ നീക്കിയിരിപ്പ് 24709998/- രൂപയാണ്.

1-1-8 ബാങ്ക് റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിലെ ബാങ്ക്ബുക്ക് ബാലൻസ് യഥാർത്ഥ ബാങ്ക്ബുക്ക് ബാലൻസുമായി പൊരുത്തപ്പെടുന്നില്ല

Parambilpeedika Cooperative Bank ലെ തനത് വരുമാന അക്കൗണ്ടിന്റെ (നം. 20050001664) റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം 31.03.2024 ലെ ബാങ്ക്ബുക്ക് ബാലൻസ് 9580791/- രൂപയാണ്. എന്നാൽ യഥാർത്ഥ ബാങ്ക് ബുക്ക് പ്രകാരം 31.03.2024 ലെ ബാലൻസ് 9577841/- രൂപയാണ്. വ്യത്യാസം വിശദീകരിച്ചിട്ടില്ല.

1-1-9 ചെക്ക് ഡെപ്പോസിറ്റഡ് തുകകൾ ബാങ്ക് ബുക്കിലേക്ക് വരവു വെക്കുന്നില്ല

Cheque Deposited ഇനങ്ങളിൽ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയ താഴെ പറയുന്ന തുകകൾ ബാങ്ക് ബുക്കിലേക്ക് വരവ് വെച്ചിട്ടില്ല.

ക്രമ നം.	ബാങ്ക്, അക്കൌണ്ട് നം.	വൌച്ചർ നം., തീയതി	തുക
1	CO-OPERATIVE BANK OWN FUND PARAMBILPEEDIkA (20050001664)	22100736 തീ. 17.02.2022	500
2	STATE BANK OF INDIA EPAY 2 THIRURANGADI (67262528842)	117020900074 തീ. 18.03.2018	668

1-2 ബജറ്റ്

2023-24ലെ ബജറ്റ് പാസ്സാക്കിയ തീരുമാനം നം./തിയ്യതി	2023-24ലെ ബജറ്റ് പുതുക്കിയ തീരുമാനം നം./തിയ്യതി
1(1)/17.03.2023	1(1)/09.02.2024

1-3 സാമ്പത്തിക നില

ഇനം	തുക (₹)
മുന്നിരിപ്പ്	36985460

വരവ്	181678975
ആകെ	218664435
ചെലവ്	167374144
നീക്കിയിരിപ്പ്	51290291

കുറിപ്പ്:
1. ആകെ വരവ് = RP പ്രകാരമുള്ള വരവ് + ക്ഷേമ പദ്ധതികൾ + സമ്പൂർണ്ണ ദാരിദ്ര്യ നിർമാർജനം + എ.സി.ആർ. പ്രകാരമുള്ള ചെലവ് – വികസന ഫണ്ട് (സി.എഫ്.സി.) യിലെ ചെലവ് + സോഴ്സ് ഡിഡക്ഷൻ
= 89385930 + 42089500 + 17258175 + 33806801 – 4441390 + 3579959
= 181678975
2. ആകെ ചെലവ് = RP പ്രകാരമുള്ള ചെലവ് + ക്ഷേമ പദ്ധതികൾ + സമ്പൂർണ്ണ ദാരിദ്ര്യ നിർമാർജനം + എ.സി.ആർ. പ്രകാരമുള്ള ചെലവ് – വികസന ഫണ്ട് (സി.എഫ്.സി.) യിലെ ചെലവ് + സോഴ്സ് ഡിഡക്ഷൻ
= 75081099 + 42089500 + 17258175 + 33806801 – 4441390 + 3579959
= 167374144

1-4 ഫണ്ട് വിനിയോഗം (അപ്രോപിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

ഫണ്ടിനം	മുൻബാക്കി (₹)	തൻവർഷ വരവ് (₹)	ആകെ (₹)	ചെലവ് (₹)	നീക്കിയിരിപ്പ്/ ലാപ്സായ തുക (₹)
വികസനഫണ്ട് (ജനറൽ)	0	24566152	24566152	19963838	4602314
വികസനഫണ്ട് (എസ്.സി.പി.)	0	5966889	5966889	4239725	1727164
സംരക്ഷണഗ്രാന്റ് (റോഡ്)	0	10895400	10895400	3114757	7780593
സംരക്ഷണഗ്രാന്റ് (റോഡിതരം)	0	4533400	4533400	2047091	2486309
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)	0	3313500	3313500	3806409	-492909
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്)	0	4418000	4418000	634981	3783019

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ (₹)	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ് (₹)	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
271	263131256	129	92974057	0	142	47.6

കുറിപ്പ് :-
അംഗനവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ തുക ഈടാക്കുന്നതിനായി 330/24, 335/24, 338/24 എന്നീ നമ്പറുകളിലും ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ) എന്ന ഇനത്തിൽ 331/24, 336/24, 339/24 എന്നീ നമ്പറുകളിലും ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.സി.പി.) എന്ന ഇനത്തിൽ 332/24, 337/24, 340/24 എന്നീ നമ്പറുകളിലുമായി തൻവർഷത്തിൽ ആകെ ₹3579959/- സോഫ്റ്റ് ഡിഡക്ഷൻ നടത്തിയ ജി.ഒ പ്രോജക്ടുകളുടെ അടങ്കൽ തുക പ്ലാൻ മോണിറ്ററിംഗ് സോഫ്റ്റ്വെയറായ സുലേഖയിൽ നിന്നുമുള്ള ചെലവ് പത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല. ഈ തുക കൂടി ഉൾപ്പെടുത്തിയിട്ടുള്ള അടങ്കൽ വിവരമാണ് മേൽ പട്ടികയിൽ ചേർത്തിട്ടുള്ളത്.

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ.

ഇല്ല.

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം		മുന്നിരിപ്പ് (₹)	വരവ് (₹)	ആകെ (₹)	ചെലവ് (₹)	നീക്കിയിരുപ്പ് (₹)
ഭരണചെലവുകൾ		8291	1613678	1621969	1621969	0
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത്	റവന്യൂ ചെലവ്	0	17258175	17258175	17258175	0
	ക്യാപിറ്റൽ കോൺട്രിബ്യൂഷൻ	0	821382	821382	821382	0

1-7 ക്ഷേമ പദ്ധതികൾ

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക (₹)	ഗുണഭോക്താക്കളുടെ എണ്ണം
കർഷകതൊഴിലാളി പെൻഷൻ	1788200	153

വിധവാപെൻഷൻ	11022200	1026
വാർദ്ധക്യകാലപെൻഷൻ	23167600	2235
വികലാംഗപെൻഷൻ	5808300	540
50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	243200	25
വിവാഹ ധനസഹായം	60000	2

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.11.2024 ന് ഉച്ചക്ക് 03.30 മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7842/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

1. സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന പ്രതി വർഷം നടത്തി ആസ്തി രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്. (തദ്ദേശ സ്വയം ഭരണ (ഡി.ബി.) വകുപ്പ്- 13.01.2010 ലെ 58608/ഡി.ബി2/09 സർക്കുലർ. , 2011 ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 (4)(ബി)).ആയത് പാലിച്ചിട്ടില്ല.

2. ഡിപ്രീസിയേഷൻ അഥവാ തേയ്മാനം കണക്കാക്കുന്നതിനുള്ള രജിസ്റ്ററുകളോ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടില്ല. (2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 58 – 4 (ജി))

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	17.01.2023	2022-23	18.01.2022
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	09.03.2018	2012-13 മുതൽ 2016-2017 വരെ	10.05.2010

1-11 "ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ -കേരളത്തിലെ മാലിന്യ സംസ്കരണം ഹരിതകർമസേനയിലൂടെ":അവലോകനം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 07.06.2024 ലെ ഡി.കെ.എസ്.എ.471/സി.എ.ആർ.3/2024 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് "ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യ സംസ്കരണം ഹരിത കർമ്മ സേനയിലൂടെ" എന്ന വിഷയം സംബന്ധിച്ച് മലപ്പുറം ജില്ലയിലെ പെരുവള്ളൂർ ഗ്രാമപഞ്ചായത്ത് ഓഡിറ്റ് വർഷം നടത്തിയ മാലിന്യസംസ്കരണ പ്രവർത്തനങ്ങളുടെ പരിശോധനയുടെ അടിസ്ഥാനത്തിലും ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻകൗയറി നം.01/11.11.2024ന് ലഭ്യമാക്കിയ മറുപടിയിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലും തയ്യാറാക്കിയ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

I ഹരിതകർമ്മ സേന

1) അടിസ്ഥാന വിവരങ്ങൾ

1.പഞ്ചായത്തിലെ ആകെ ജനസംഖ്യ-34941 (സെൻസസ് 2011)

2. ആകെ വാർഡുകളുടെ എണ്ണം -19

3. ഓരോ വാർഡുകളിലെയും ആൾ താമസമുള്ള വീടുകളുടെയും പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെയും എണ്ണം

വാർഡ് നം.	വീടുകളുടെ എണ്ണം	സ്ഥാപനങ്ങളുടെ എണ്ണം	വാർഡ് നം.	വീടുകളുടെ എണ്ണം	സ്ഥാപനങ്ങളുടെ എണ്ണം
1	519	52	**11**	302	85
2	480	8	**12**	347	78
3	434	57	**13**	356	13
4	285	42	**14**	368	13
5	807	211	**15**	441	11
6	490	30	**16**	409	9
7	571	41	**17**	407	22
8	536	5	**18**	494	33
9	425	12	**19**	247	14
10	456	20			
ആകെ	വീടുകൾ- 8374 സ്ഥാപനങ്ങൾ -756				

2020 ഫെബ്രുവരി മാസത്തിൽ ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മസേന രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 19 വാർഡുകളിലായി നിലവിൽ 27 അംഗങ്ങളാണുള്ളത്. പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ

അംഗീകരിച്ചതിലൂടെയും, ഹരിതമിത്രം ആപ്ലിക്കേഷൻ നടപ്പിലാക്കിയതിലൂടെയും ഗ്രാമപഞ്ചായത്തിലെ എല്ലാ ഭവനങ്ങളേയും സ്ഥാപനങ്ങളേയും ഹരിത കർമ്മസേനക്കു കീഴിൽ കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. വീടുകളിൽ നിന്ന് 50രൂപയും സ്ഥാപനങ്ങളിൽ നിന്നും 100 രൂപയും യൂസർ ഫീ ആയി മാലിന്യം ശേഖരിക്കുന്നതിന് ഈടാക്കുന്നുണ്ട്. യൂസർ ഫീ പിരിവിൽ രസീത് നൽകുന്നുണ്ടെങ്കിലും ഇത് വഴിയുള്ള കളക്ഷൻ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കുന്നതായി വിവരം ഇല്ല.പഞ്ചായത്ത് നിശ്ചയിച്ച് നൽകിയിട്ടുള്ള രസീത് നൽകിയാണ് ഹരിതകർമ്മസേന യൂസർ ഫീ സമാഹരിക്കുന്നത്. അതിദരിദ്രർക്കും ആശ്രയ ഗുണഭോക്താക്കൾക്കും അംഗൻവാടികൾക്കും വിട്ട്കിട്ടിയ സ്ഥാപനങ്ങൾക്കും യൂസർ ഫീ ഇളവ് നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടില്ല.

2) മാലിന്യശേഖരണ കാര്യക്ഷമത

12ാം വാർഡിൽ പറമ്പിൽ പീടിക എന്ന സ്ഥലത്ത് വനിത വ്യവസായ കേന്ദ്രത്തിലാണ് MCFപ്രവർത്തിക്കുന്നത്. പ്രസ്തുത കെട്ടിടത്തോട് ചേർന്ന് തന്നെ ഗ്രാമപഞ്ചായത്തിന് സ്വന്തമായി MCFകെട്ടിടം നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ പ്രവർത്തനം ആരംഭിച്ചിട്ടില്ല. മാലിന്യ ശേഖരണ കലണ്ടറിൽ ഷെഡ്യൂൾ ചെയ്തത് പ്രകാരം ഓരോ വീട്ടിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും മാസത്തിൽ ഒരു തവണ എന്ന രീതിയിൽ ഹരിത കർമ്മസേനാ അംഗങ്ങൾ മാലിന്യം ശേഖരിച്ച് MCFൽ എത്തിക്കുന്നുണ്ട്. ജനങ്ങളുടെ സൗകര്യാർത്ഥം വാട്ട്സ് ആപ് ഗ്രൂപ്പുകൾ രൂപീകരിക്കുകയും അതുവഴി ഹരിതകർമ്മസേനയുടെ മാലിന്യ ശേഖരണം സംബന്ധിച്ച് അറിയിപ്പ് നൽകുകയും ചെയ്യുന്നു. മാലിന്യം കൊണ്ടുവരുന്നതിനായി ഗ്രാമപഞ്ചായത്തിന് സ്വന്തമായി വാഹനം ഉണ്ട്.

3) മാലിന്യ വേർതിരിവ് പാലിക്കൽ

ഉറവിടത്തിൽ തന്നെ സെഗ്രിഗേഷൻ നടത്തി ഇനം തിരിച്ച് മാലിന്യം ഹരിതകർമ്മസേനയ്ക്ക് കൈമാറുന്നതിനു വേണ്ടി പൊതുജനങ്ങൾക്ക് നിർദ്ദേശങ്ങൾ കാലാകാലങ്ങളിൽ നല്കിയിട്ടുണ്ടെങ്കിലും ആയതിന് കഴിഞ്ഞിട്ടില്ല. ശേഖരിക്കുന്ന മാലിന്യങ്ങൾ ഉറവിടത്തിൽ നിന്നും വേർതിരിക്കാൻ നിലവിൽ ഹരിതകർമ്മസേനാംഗങ്ങൾക്ക് കഴിയുന്നില്ല.നിലവിൽ MCFൽ എത്തിക്കുന്ന മാലിന്യം നിലവിൽ തരം തിരിക്കുന്നില്ല. MCF ലെ സ്ഥലക്കുറവ് കാരണവും ഹരിത കർമ്മ സേനാംഗങ്ങളുടെ കുറവും മൂലം ഒരു വർഷത്തിൽ കൂടുതലായി കൂട്ടിക്കിടക്കുന്ന മാലിന്യം നിലവിൽ തരം തിരിക്കാതെ കിടക്കുന്നതായി സ്ഥല പരിശോധനയിൽ കാണാൻ കഴിഞ്ഞു. നിലവിൽ സെഗ്രിഗേറ്റ് ചെയ്യാതെ വാർഡികളിൽ നിന്നും ശേഖരിക്കുന്ന മാലിന്യം തരം തിരിക്കാതെ റിജക്ട് മാലിന്യമായിട്ടാണ് നീക്കം ചെയ്ത് വരുന്നത്. ഇത് മൂലം മാലിന്യം തൂക്കി നീക്കം ചെയ്യുന്നതിന് ഗ്രാമപഞ്ചായത്തിന് വലിയ ബാദ്ധ്യത വരുന്നു.
2023-24 ൽ MCFൽ നിന്നും പുനചംക്രമണ യോഗ്യമല്ലാത്ത അജൈവ മാലിന്യം നീക്കം ചെയ്തതിന് കിലോഗ്രാമിന് 6.40 രൂപ നിരക്കിൽ ഗ്രീൻ വേംസ് എക്കോസൊലൂഷൻസ് ,കോഴിക്കോട് എന്ന കമ്പനിയെയാണ് ഏല്പിച്ചിരിക്കുന്നത്.

4)റീസൈക്ലിംഗ്

പുനരുപയോഗം സാധ്യമാകുന്ന വസ്തുക്കൾ ഉപയോഗിക്കാൻ പ്രോൽസാഹിപ്പിക്കുന്നുണ്ട്. വാർഡുകളിൽ നിന്നും

ലഭിക്കുന്ന പുനരുപയോഗത്തിന് യോഗ്യമായ സാധനങ്ങൾ വില്പന നടത്തുന്നില്ല. ശാസ്ത്രീയമായ രീതിയിൽ മാലിന്യം തരം തിരിച്ച് സ്ക്രാർപ്പുകൾക്ക് വില നിശ്ചയിച്ച് വിപണനം നടത്തുന്നില്ല.ആയതിനാൽ ഹരിത കർമ്മസേനക്ക് വളരെ കുറച്ച് വരുമാനം മാത്രമെ സ്ക്രാപ്പ് വിൽപനയിലൂടെ ലഭിക്കുന്നുള്ളൂ. റിജക്ടട് വേസ്റ്റ് കൊണ്ട് പോകുന്ന കമ്പനി തന്നെയാണ് വളരെ ചെറിയ വില നൽകി നിലവിൽ സ്ക്രാപ്പ് കൊണ്ട് പോകുന്നത് എന്ന് ഹരിത കർമ്മസേനാംഗങ്ങൾ അറിയിച്ചു എന്നാൽ ഇത് സംബന്ധിച്ച രേഖകളൊന്നും ലഭ്യമാക്കിയിട്ടില്ല.വാർഡുകളിൽ 6 മിനി എം.സി.എഫുകൾ,ബോട്ടിൽ ബുത്തുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്.ജലസ്രോതസ്സുകളിൽ നിന്നും നിലവിൽ മാലിന്യം എടുക്കുന്ന സാഹചര്യം ഉണ്ടായിട്ടില്ല.

5) കമ്മ്യൂണിറ്റി എൻഗേജ്മെന്റ്

മാർച്ച് ഏപ്രിൽ മാസങ്ങളിൽ പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ, എല്ലാ വീടുകളും സ്ഥാപനങ്ങളും സന്ദർശിക്കുകയും ഹരിത കർമ്മസേനക്ക് കൃത്യമായി അജൈവ മാലിന്യങ്ങൾ കൈമാറുന്നത് സംബന്ധിച്ചും, യൂസർ ഫീ കൃത്യമായി നൽകുന്നത് സംബന്ധിച്ചും ജനങ്ങൽക്ക് ബോധവൽക്കരണം നടത്തിയിട്ടുണ്ട്.കൂടാതെ ഗ്രാമസഭകളിൽ ഇതു സംബന്ധമായ പ്രത്യേക അജണ്ട ഉൾപ്പെടുത്തി മാലിന്യ പരിപാലനം സംബന്ധമായ അവബോധം നടത്തിയിട്ടുണ്ട്

6) തൊഴിൽ സൃഷ്ടിക്കൽ

ഹരിതകർമ്മസേനാംഗങ്ങൾക്കും വാഹന ഡ്രൈവർക്കും പ്രത്യക്ഷമായ തൊഴിൽ നല്കുന്നതിനും റിജക്ടഡ് വേസ്റ്റ് പരിപാലിക്കുന്ന ഏജൻസിയിലെ ജീവനക്കാർക്കും പരോക്ഷമായും തൊഴിൽ നല്കുന്നതിന് സാധിക്കുന്നു. ശരാശരി 13000 രൂപ വരെ പ്രതിമാസം ഹരിതകർമ്മസേനാംഗങ്ങൾക്ക് വരുമാനം ലഭ്യമാകുന്നുണ്ട്. നിലവിൽ വയബിലിറ്റി ഗ്യാപ് ഫണ്ട് ഉപയോഗിക്കേണ്ടി വരുന്നില്ല.ഹരിതകർമ്മസേന മറ്റു വരുമാനദായക സംരംഭങ്ങളൊന്നും നിലവിൽ തുടങ്ങിയിട്ടില്ല.ശാസ്ത്രീയമായ രീതിയിൽ മാലിന്യം തരം തിരിച്ച് സ്ക്രാർപ്പുകൾക്ക് വില നിശ്ചയിച്ച് വിപണനം നടത്തിയാൽ ഹരിത കർമ്മസേനക്ക് വരുമാനം വർദ്ധിപ്പിക്കാനാകും. ഹരിത കർമ്മ സേനയുടെ വരുമാന വർദ്ധവിനായി മറ്റു വ്യവസായ സംരംഭങ്ങൾ, സ്വാപ്പ് ഷോപ്പുകൾ, റിപ്പയറിംഗ് ഷോപ്പുകൾ തുടങ്ങിയവ പോലുള്ളവയിൽ യുക്തമായവ ആരംഭിക്കാൻ ഹരിത കർമ്മ സേന/സ്ഥാപനം നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്.

7) അടിസ്ഥാന സൗകര്യ വികസനം

ഗ്രാമ പഞ്ചായത്തിൽ വനിത വ്യവസായ കേന്ദ്രത്തിലാണ് നിലവിൽ MCFപ്രവർത്തിക്കുന്നത്. പ്രസ്തുത കെട്ടിടത്തോട് ചേർന്ന് തന്നെ ഗ്രാമപഞ്ചായത്തിന് സ്വന്തമായി Mcf കെട്ടിടം നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ ഔദ്യോഗികമായി പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഹരിതകർമ്മസേനക്ക് ഓഫീസ്, അംഗങ്ങൾക്ക് മാലിന്യം തരംതിരിക്കുന്നതിനായും രജിസ്റ്ററുകളും രേഖകളും സൂക്ഷിക്കുന്നതിനും ഫർണീച്ചർ, വൈദ്യുതി എന്നിവ MCFൽ ലഭ്യമാക്കിയിട്ടില്ല. മാലിന്യം ശേഖരണത്തിനായി സ്വന്തമായി വാഹനം ഉണ്ടെങ്കിലും, നിലവിൽ ഹരിതകർമ്മസേന അംഗങ്ങൾക്ക് ഡ്രൈവിംഗ് പരിശീലനം നേടാനായിട്ടില്ലാത്തതിനാൽ വാഹനം

ഓടിക്കുന്നതിന് ഡ്രൈവറെ നിയോഗിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത മാലിന്യശേഖരണത്തിനും സംസ്കരണത്തിനും വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. പണി പൂർത്തീകരിച്ച എം.സി.എഫ് അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കി അടിയന്തിരമായി ഹരിതകർമ്മസേനക്ക് പ്രവർത്തനത്തിനായി നൽകേണ്ടതുണ്ട്.

8) പാരിസ്ഥിതിക ആഘാതം

സ്വന്തമായി സ്ഥലവും MCFഉം ഉള്ളതിനാൽ കാര്യമായ പാരിസ്ഥിതിക പ്രശ്നങ്ങൾ നേരിടുന്നില്ല.

അനധികൃതമായി മാലിന്യം വലിച്ചെറിയൽ, പൊതു നിരത്തുകളിൽ മാലിന്യം തള്ളൽ തുടങ്ങിയ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് തൻവർഷം 3പരാതികൾ ലഭിച്ചതിൽ 3 നോട്ടീസ് ഇഷ്യു ചെയ്യുകയും പരാതിയിൽ 15000/-രൂപ പിഴ ഈടാക്കിയിട്ടുണ്ട്. പാരിസ്ഥിതിക പ്രശ്നങ്ങളിൽ ലഭിക്കുന്ന പരാതികളിൻമേൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നുണ്ട്.

9) പരിശീലനവും വികസനവും

ഹരിത കർമ്മ സേനാംഗങ്ങൾക്ക് മാലിന്യ സംസ്കരണത്തിൽ അവരുടെ കഴിവുകളും അറിവും വർദ്ധിപ്പിക്കാനും തുടർച്ചയായ പുരോഗതിയും പ്രൊഫഷണൽ വികസനവും ഉറപ്പാക്കാനും ഗ്രീൻ വേംസ് എന്ന ഏജൻസിയിൽ നിന്നും ട്രെയിനിംഗ് ലഭ്യമായിട്ടുണ്ട് എന്നാണ് അറിയിച്ചിട്ടുള്ളത് . എന്നാൽ ഐ.ആർ.ടി.സി/കൺസൾട്ടൻസി ഏജൻസി പരിശീലനം, ജില്ലാ തല ക്യാമ്പയിൻ, സെക്രട്ടറിയേറ്റ് പരിശീലനം തുടങ്ങിയ മറ്റു പരിശീലനങ്ങൾ നടപ്പാക്കിയോ എന്നതു സംബന്ധിച്ച് വിവരം ലഭ്യമായിട്ടില്ല.

10) നിയമങ്ങൾ പാലിക്കൽ

മാലിന്യ സംസ്കരണത്തിനായി ചട്ടങ്ങളും മാനദണ്ഡങ്ങളും/മാലിന്യ സംസ്ഖരണ ബൈലോ ഗ്രാമപഞ്ചായത്ത് തയ്യാറാക്കി അംഗീകാരം വാങ്ങുകയും ആയത് പാലിക്കപ്പെടുകയും ചെയ്യുന്നുണ്ട്. മാലിന്യനിർമ്മാർജ്ജനം, ശുചീകരണം എന്നിവ സംബന്ധിച്ച നിയമങ്ങൾ ജനങ്ങളെ ബോധവല്കരിക്കുന്നതിന് ഓൺലൈൻ മീഡിയ, നോട്ടീസുകൾ, മുതലായവ വഴി പ്രചാരണം നടത്തിയിട്ടുണ്ട്. നിയമലംഘനം കണ്ടെത്തുന്നതിന് പരിശോധനകളും പിഴ ഉൾപടെയുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്.

11) ഹരിതകർമ്മസേനാംഗങ്ങളുടെ പ്രവർത്തനം

ഗ്രാമപഞ്ചായത്തിൽ 19വാർഡുകളിലേയ്ക്ക് 27 ഹരിതകർമ്മസേനാംഗങ്ങളാണ് നിലവിലുള്ളത്. എല്ലാ മാസവും റിവ്യൂ മീറ്റിംഗ് നടത്തി വരുന്നുണ്ട്. കുടുംബശ്രീ,ഗ്രീൻ വേംസ് എക്കോസൊല്യൂഷൻ എന്നിവരുടെ സഹായത്തോടെ ഹരിതകർമ്മസേനാംഗങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ പരിശീലന പരിപാടികൾ നടന്നിട്ടുണ്ട്. ഹരിതകർമ്മസേന അംഗങ്ങളുടെ കുറവ്, ചെറിയ വിഭാഗം പൊതുജനങ്ങളുടെ നിസഹകരണം, നിലവിലെ MCFലെ അടിസ്ഥാന സൗകര്യക്കുറവ് ,

ബെയ്ലിംഗ് /ഷ്രെഡിംഗ് യുണിറ്റുകൾ, മതിയായ സെഗ്രിഗേഷൻ സൗകര്യം എന്നിവ ഹരിതകർമ്മസേന നേരിടുന്ന പരിമിതികളാണ്. കടകളിൽ നിന്ന് മാലിന്യവും യൂസർ ഫീയും നൽകി സഹകരിക്കാത്ത

സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുന്നില്ല.

II മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (MCF) റിസോഴ്സ് റിക്കവറി ഫെസിലിറ്റി (RRF)

1) അടിസ്ഥാന വിവരങ്ങൾ

1) MCF/RRF സ്ഥിരം/താത്കാലികം	MCF- 1 സ്ഥിരം
2) വെയിംഗ് മെഷീൻ/ബെയ്ലിംഗ്/ഷ്രെഡിംഗ് യൂണിറ്റുകൾ ഉണ്ടോ ഉണ്ടെങ്കിൽ അവ സ്ഥിതി ചെയ്യുന്ന സ്ഥല വിവരം	വെയിംഗ് മെഷീൻ ഉണ്ട്. ബെയിലിംഗ് മെഷീനോ ഷ്രെഡിംഗ് യൂണിറ്റോ ഇല്ല. ബെയിലിംഗ് യൂണിറ്റ് അത്യാവശ്യമാണ്.
5) അവയ്ക്ക് അടിസ്ഥാന സൌകര്യങ്ങൾ ഉണ്ടോ (ടാപ്പിങ് ഏരിയ, സ്റ്റോറേജ് എരിയ, സോർട്ടിങ് ഏരിയ, മെഷിനറി ഏരിയ, ശുചിമുറി എന്നിവ)	77.5സ്കൂയർ മീറ്റർ വിസ്തൃതിയുള്ള കെട്ടിടത്തിൽ MCFപ്രവർത്തിക്കുന്നത്. ശുചിത്വമിഷൻ മാനദണ്ഡങ്ങൾ പ്രകാരം ട്രിപ്പിംഗ് ഏര്യ, സോർട്ടിംഗ് ഏര്യ, സ്റ്റോറേജ് എന്നിവ വേർതിരിച്ചിട്ടില്ല. Bailing Machine, Conveyer Belt, Sorting Table എന്നീ സാധനങ്ങളൊന്നും ഇല്ല. അടിസ്ഥാന സൗകര്യങ്ങളായ ഫർണീച്ചർ, ഇലക്ട്രിസിറ്റി ,കുടിവെള്ളം എന്നിവ ഇല്ല.
6) അവയിലേയ്ക്ക് റോഡ് ഗതാഗത സൌകര്യം ഉണ്ടോ	ഉണ്ട്.
7) അവയുമായി ബന്ധപ്പെട്ട് സാമൂഹിക പ്രശ്നങ്ങൾ നില നിൽക്കുന്നുണ്ടോ	ഇല്ല.

2) മാലിന്യകൈമാറ്റ കാര്യക്ഷമത

വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും പാഴ്വസ്തുക്കൾ MCFലേക്ക് സമയബന്ധിതമായും കാര്യക്ഷമമായും ഹരിതകർമ്മസേന കൈമാറുന്നുണ്ട്. മാസത്തിൽ ഒരു തവണ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും മാലിന്യം ശേഖരിക്കുന്നു. വാർഡുകളിൽ നിന്നും ശേഖരിച്ച മാലിന്യം നേരിട്ട് MCFലേക്ക് എത്തിക്കുന്നു.

3) മാലിന്യ സംഭരണ ശേഷി

1) ദിവസേന കൈകാര്യം ചെയ്യുന്ന മാലിന്യത്തിന്റെ അളവ്	ജൈവം - ഇല്ല

	അജൈവം - ശരാശരി 700Kg
2) MCF ന്റെ ആകെ വിസ്തൃതി	77.55ച മീ
A) ടാപ്പിംഗ് ഏരിയ	പ്രത്യേകമായി തരംതിരിച്ചിട്ടില്ല
B) സ്റ്റോറേജ് ഏരിയ	
C) സോർട്ടിംഗ് ഏരിയ	
D) മെഷിനറി ഏരിയ	
E) കളക്ഷൻ ഏരിയ	
3) അജൈവ മാലിന്യം എത്ര ദിവസത്തേക്ക് അന്തിമ സംഭരണ ഏരിയയിൽ സൂക്ഷിക്കാൻ കഴിയുന്നു.	2 ദിവസം

4) മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ

1)	മാലിന്യം ഇനം തിരിക്കുന്നത്	നിലവിൽ തരം തിരിക്കുന്നില്ല.
2)	തൊഴിലാളികളുടെ സുരക്ഷയും പരിസ്ഥിതി സംരക്ഷണവും ഉറപ്പാക്കുന്നതിന് MCF/RRF -ൽ മാലിന്യ സംസ്കരണ പ്രോട്ടോക്കോളും സുരക്ഷാ നടപടികളും പാലിക്കുന്നുണ്ട്.	Fire Extinguisher ഉണ്ട്. Gum Boot, Uniform, Over Coat, Mask, Gloves First Aid Box എന്നിവ എല്ലാ അംഗങ്ങൾക്കും ഇല്ല. .മുഴുവൻ അംഗങ്ങൾക്കും സുരക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കേണ്ടതാണ്.

5) ശുചിത്വമാനദണ്ഡങ്ങൾ

ശുചിത്വമാനദണ്ഡങ്ങൾ പാലിക്കുന്നുണ്ട്.

6) യഥാസമയം മാലിന്യം കൈമാറുന്നത്

നിലവിൽ റിജക്ടഡ് വേസ്റ്റ് യഥാസമയം കൈമാറ്റം നടക്കുന്നുണ്ട്.

7) വരവ് -ചെലവ് കണക്ക്

ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി ഹരിതകർമ്മസേനയുടെ പേരിൽ പെരുവള്ളൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് പറമ്പിൽ പീടിക ശാഖയിൽ അക്കൗണ്ട് (നം.0020060009075) ഉണ്ട്.

ആകെ വരവ്		ആകെ ചെലവ്	
മുന്നിരിപ്പ്	106531	ഹരിതകർമ്മസേന ശമ്പളം	1642486
യൂസർ ഫീ കളക്ഷൻ	1515960	പർച്ചേസ്	-

സ്ക്രാപ്പ് വില്പന	129168	മറ്റ് ചെലവുകൾ	-
ബാങ്ക് പലിശ	2154	നീക്കിയിരിപ്പ്	111,327
ആകെ	1753813	ആകെ	1587725

ഓഡിറ്റ് എൻകവയറി 1/2023-24 പ്രകാരം ലഭ്യമാക്കിയ വിവരങ്ങളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്. കണക്കുകളുടെ കൃത്യത പരിശോധിക്കുന്നതിന് രേഖപ്പെടുത്തലുകളും സാക്ഷ്യപ്പെടുത്തലുകളും ഉള്ള രജിസ്റ്ററുകളോ രേഖകളോ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ തന്നെ ഹരിതകർമ്മസേനയുടെ 2023-24 സാമ്പത്തിക വർഷത്തെ യഥാർത്ഥ വരവ് തുകയും ചെലവ് തുകയും എത്രയെന്നത് പരിശോധിക്കുവാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല. ബാങ്ക് അക്കൗണ്ടിൽ 01.04.2023ന് 106531/- രൂപ മുന്നിരിപ്പും 31.03.2024ന് 1,11,327/- രൂപ നീക്കിയിരിപ്പും ഉള്ളതായി കണ്ടു.

മറ്റു വിവരങ്ങൾ

2023-24 വർഷത്തിൽ ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി താഴെ കാണിച്ച തുക വകയിരുത്തി ചെലവഴിച്ചിട്ടുണ്ട്.

ക്രമ നം.	പ്രോജക്ട്	ഫണ്ടിനം	അടങ്കൽ	ചെലവ്	റിമാർക്സ്
1	57/24,ഹരിത കർമ്മ സേന വാഹന വാടക നൽകൽ	CFC+തനത് ഫണ്ട്	5,00,000	356850	--

ഓഡിറ്റ് നിർദ്ദേശങ്ങൾ

1) സ്വന്തമായി MCF കെട്ടിടം നിർമ്മിച്ചിട്ടുണ്ടെങ്കിലും അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തൽ, ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കൽ, അംഗസംഖ്യ വർദ്ധിപ്പിക്കൽ, എന്നിവ ഹരിതകർമ്മസേനയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ഗ്രാമപഞ്ചായത്ത് നടപ്പിലാക്കേണ്ടതാണ്.

2)മാലിന്യ നിർമ്മാർജ്ജനം പഞ്ചായത്തിന്റെ അനിവാര്യ ചുമതലയായതിനാൽ ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തേണ്ടതും പൊതു ജനങ്ങൾക്കിടയിൽ മാലിന്യ സംസ്കരണം മത്സരബുദ്ധിയോടെ കൈകാര്യം ചെയ്യുന്ന സാഹചര്യം സൃഷ്ടിക്കാൻ ആവശ്യമായ ബോധവല്കരണം നടത്തുകയും വീടുകൾക്കും സ്ഥാപനങ്ങൾക്കും ഹരിത റാങ്കിംഗ് നടത്തി പ്രോത്സാഹനം നൽകുകയും ചെയ്യേണ്ടതാണ്.

3) റിജക്ടഡ് വേസ്റ്റ് നീക്കം ചെയ്യുന്നതിന് മോണിറ്ററിംഗ് ആവശ്യമാണ്. കൂട്ടിയിട്ടിരിക്കുന്ന റിജക്ടഡ് വേസ്റ്റ് പൂർണ്ണമായും നീക്കം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യുമ്പോൾ തൂക്കംസാക്ഷ്യപ്പെടുത്തുന്നതിനായി സെക്രട്ടറി ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തേണ്ടതും ആയത് ഉറപ്പ് വരുത്തി മാത്രം തുക നൽകേണ്ടതുമാണ്.

4) എല്ലാ ഹരിതകർമ്മസേന അംഗങ്ങൾക്കും യൂണിഫോം,സുരക്ഷാ ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കേണ്ടതുണ്ട്.

5) ഹരിതകർമ്മസേന അംഗങ്ങൾക്ക് വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും കഴുകി വൃത്തിയാക്കിയ തരത്തിൽ മാലിന്യം ലഭ്യമാകുന്നതിനും മാലിന്യസംസ്കരണ ബൈലോ നടപ്പിലാക്കുന്നതിനും ജനങ്ങളിൽ നിരന്തര ബോധവൽക്കരണം നടത്തേണ്ടതുണ്ടതാണ്.

6) കൂടുതൽ ആൾക്കാർ പങ്കെടുക്കുന്ന പരിപാടികൾ നടത്തുന്നവരിൽ നിന്നും കൂടുതൽ മാലിന്യം നീക്കം ചെയ്യേണ്ടി വരുമ്പോൾ സ്ഥാപനങ്ങളിൽ നിന്നും അധിക തുക ഈടാക്കാൻ ഹരിതകർമ്മസേനക്ക് നിർദ്ദേശം നൽകാവുന്നതാണ്.

7) അതിദരിദ്രർക്കും ആശ്രയ ഗുണഭോക്താക്കൾക്കും അംഗൻവാടികൾക്കും വിട്ട്കിട്ടിയ സ്ഥാപനങ്ങൾക്കും യൂസർ ഫീ ഇളവ് നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.
8)ശുചിത്വമിഷൻ മാനദണ്ഡങ്ങൾ പ്രകാരം ട്രിപ്പിംഗ് ഏര്യ, സോർട്ടിംഗ് ഏര്യ, സ്റ്റോറേജ് എന്നിവ വേർതിരിക്കുന്നതിനും ശാസ്ത്രീയമായ രീതിയിൽ മാലിന്യം തരം തിരിച്ച് സ്റ്റാർപ്പുകൾക്ക് വില നിശ്ചയിച്ച് വിപണനം നടത്തുന്നതിനും ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

9) ഹരിതകർമ്മസേന കൺസോർഷ്യത്തിന്റെ വരവ് ചെലവ് കണക്കുകളുടെ സൂക്ഷിപ്പ്, രജിസ്റ്ററുടെ പരിപാലനം എന്നിവ കാര്യക്ഷമമാക്കേണ്ടതുണ്ട്. ഡെയ് ലി കളക്ഷൻ രജിസ്റ്റർ സൂക്ഷിക്കേണ്ടതും, ക്യാഷ് ബുക്ക് സൂക്ഷിക്കേണ്ടതും പ്രതിമാസ വാർഷിക ക്ലോസിംഗ് നടത്തി ബാങ്കുമായി പൊരുത്തപ്പെടുത്തേണ്ടതും, ചാർജ് ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

1-12 തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നില്ല

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 204, 1996 ലെ കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ് നടത്തുകയോ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെടുകയോ പൊതുവായോ സ്വകാര്യമായോ ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ചുമത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഈടാക്കുന്നത് സംബന്ധിച്ച് താഴെ പറയുന്ന അപാകങ്ങൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

1. തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2023-24 ലെ അർദ്ധ വർഷങ്ങളിൽ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

ക്രമ നം.	സ്ഥാപനത്തിന്റെ പേര്	അർദ്ധ വർഷം
1	പെരുവള്ളൂർ ഗ്രാമപഞ്ചായത്ത് ഓഫീസ്	II
2	പോസ്റ്റ് ഓഫീസ്, പെരുവള്ളൂർ	II
3	ടി.എസ്.ജി. ഫിൻകോർപ്പ്	I & II
4	എജ്യൂകെയർ ലെറ്റർ ലാന്റ്	I & II
5	ഐസിഡിഎസ് ഓഫീസ്, പെരുവള്ളൂർ ഗ്രാമപഞ്ചായത്ത്	I & II
6	വി.ഇ.ഒ. ഓഫീസ്, പെരുവള്ളൂർ ഗ്രാമപഞ്ചായത്ത്	I & II

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ പെരുവള്ളൂർ ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ജീവനക്കാർ തൊഴിൽ നികുതി അടവാക്കാത്തതായി കാണപ്പെട്ടു. സ്ഥാപനത്തിലെ ജീവനക്കാർ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെന്ന് അനൌദ്യോഗികമായി അറിയിച്ചെങ്കിലും ആയത് രേഖാമൂലം സ്ഥാപിക്കാനോ റെസീറ്റുകൾ ഹാജരാക്കാനോ പഞ്ചായത്തിന് സാധിച്ചിട്ടില്ല. പഞ്ചായത്തിലെ ജീവനക്കാർ, പഞ്ചായത്തിന് വികേന്ദ്രീകരണത്തിന്റെ ഭാഗമായി വിട്ട് കിട്ടിയ സ്ഥാപനങ്ങളിലെ ജീവനക്കാർ എന്നിവരിൽ തൊഴിൽ നികുതി ഈടാക്കാതെ പഞ്ചായത്ത് പരിധിയിലുള്ള മറ്റ് സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നത് സ്വാഭാവിക നീതിയുടെ തത്വങ്ങൾക്ക് വിരുദ്ധമാണ് എന്ന് മാത്രമല്ല, ഈ സമീപനം നികുതി ഡിമാന്റ് ചെയ്യാനുള്ള പഞ്ചായത്തിന്റെ അധികാരത്തെ ദുർബലപ്പെടുത്തുകയും ചെയ്യുന്നു. പഞ്ചായത്തിലെയും വിട്ട് കിട്ടിയ സ്ഥാപനങ്ങളിലെയും ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ഈടാക്കിയിട്ടില്ലെങ്കിൽ ആയത് ഈടാക്കി വിവരം രേഖാമൂലം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2023-24 സാമ്പത്തിക വർഷം സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ക്രമ നം.	സ്ഥാപനത്തിന്റെ പേര്
1	ടി.എസ്.ജി. ഫിൻകോർപ്പ്
2	ജിയോ പോയിന്റ് റിലയൻസ് റീറ്റെയിൽ ലിമിറ്റഡ്

ആയത് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (റെസീറ്റുകൾ അടക്കം) അപാകങ്ങൾ ചൂണ്ടിക്കാണിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (നം. 16/2023-24 തീ. 16.11.2024) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-13 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയില്ല

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 56 (ബി) പ്രകാരം ക്ലെയിം ഡ്യൂ ആയ തീയതി മുതൽ മൂന്ന് വർഷത്തിനുള്ളിൽ തിരികെ ആവശ്യപ്പെടാത്ത ഡെപ്പോസിറ്റുകൾ (കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ) പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചത് പ്രകാരം വിവിധ ഇനങ്ങളിലായി കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാൻ അവശേഷിക്കുന്നുണ്ട്.

ക്രമ നം.	ഇനം	ബാലൻസ് ഷീറ്റ് (ഷെഡ്യൂൾ B-7 പ്രകാരമുള്ള നീക്കിയിരിപ്പ്	കാലഹരണപ്പെട്ട തുക – പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാൻ അവശേഷിക്കുന്നത്
1	Contractors' Earnest Money Deposit	22353	01.01.2019 മുതൽ 11.05.2020 വരെയുള്ള 20353/- രൂപ കാലഹരണപ്പെട്ടു.
2	Suppliers' Earnest Money Deposit	231432	17.08.2017 മുതൽ 17.09.2020 വരെയുള്ള 112270/- രൂപ കാലഹരണപ്പെട്ടു
3	Bidders' Earnest	500	13.03.2020 ലെ 500/- രൂപ കാലഹരണപ്പെട്ടു.

	Money Deposit		
4	Contractors' Security Deposit	1250	11.02.2019 ലെ 1250/- രൂപ കാലഹരണപ്പെട്ടു.
5	Contractors' Retention	215816	29.03.2017 മുതൽ 31.03.2017 വരെയുള്ള 153705/- രൂപ കാലഹരണപ്പെട്ടു
6	Election Deposit	125500	19.11.2020 ലെ 125500/- രൂപ കാലഹരണപ്പെട്ടു.
7	Other Deposit	4000	24.08.2017 മുതൽ 25.08.2017 വരെയുള്ള 4000 രൂപ കാലഹരണപ്പെട്ടു.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (നം. 9/2023-24 തീ. 15.11.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പറഞ്ഞ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-14 പാരാമെഡിക്കൽ സ്ഥാപനങ്ങൾ - രജിസ്ട്രേഷൻ, ലൈസൻസ് എന്നിവ സംബന്ധിച്ച അപാകങ്ങൾ

1. പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു.

1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം ഇത്തരം പുതിയ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ ചട്ടം 3(2) പ്രകാരമുള്ള 200/- രൂപ ഫീസ് അടവാക്കി രജിസ്റ്റർ ചെയ്യേണ്ടതും, നിലവിലുള്ള സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ ചട്ടം 5(1) പ്രകാരം 50/- രൂപ ഫീസ് അടവാക്കി രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്. ചട്ടം 8 പ്രകാരം, ചട്ടവിരുദ്ധമായി രജിസ്റ്റർ ചെയ്യാതെ ഒരു സ്വകാര്യ ആശുപത്രിയോ പാരാമെഡിക്കൽ സ്ഥാപനമോ നടത്തുകയോ പരിപാലിക്കുകയോ ചെയ്യുന്ന ഏതൊരാളും കുറ്റസ്ഥാപനത്തിൻമേൽ അയ്യായിരം രൂപ വരെയാകാവുന്ന പിഴ ശിക്ഷയും കുറ്റം തുടരുന്ന ഓരോ ദിവസത്തിനും ആയിരം രൂപ വരെയാകാവുന്ന അധിക പിഴ ശിക്ഷയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

2023-24 സാമ്പത്തിക വർഷത്തെ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ, ലൈസൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചത് പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഗ്രാമപഞ്ചായത്ത് ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിലും അവ രജിസ്റ്റർ ചെയ്തതായി കാണുന്നില്ല.

ക്രമ നം.	ലൈസൻസ് രജിസ്റ്ററിലെ ക്രമ നം.	സ്ഥാപനത്തിന്റെ പേര്	ലൈസൻസിയുടെ പേര്	ഫയൽ നം.
1	270	ശ്വാസ് മെഡിക്കൽ സെന്റർ	ആഷിർ എം.	3492/23 തീ. 31.05.2023
2	303	അൽറാഡോ ഹെൽത്തെയർ – ജനറൽ & ഡെന്റൽ ക്ലിനിക്	ഡോ. അഫ്സൽ കെ.	51513/23 തീ. 27.07.2023
3	341	ആയുർവ്വേദിക് ക്ലിനിക്	മുഹമ്മദ് അഷ്റഫ് സി.കെ.	6204/23 തീ. 16.09.2023

മേൽ പറഞ്ഞ പാരാമെഡിക്കൽ ചട്ടപ്രകാരം രജിസ്റ്റർ ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. പാരാമെഡിക്കൽ സ്ഥാപനം ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾ,വ്യാപാരങ്ങൾ, സംരംഭക പ്രവർത്തനങ്ങൾ മറ്റ് സേവനങ്ങൾ (FTEAOS) ലൈസൻസ് അനുവദിക്കൽ) ചട്ടങ്ങളിലെ ചട്ടം 3, പട്ടിക 1 ലെ ഇനങ്ങൾ 142, 143 എന്നിവ പ്രകാരം (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232 നോടൊപ്പം വായിക്കുക) സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ മുതലായവക്ക് പ്രവർത്തിക്കാൻ ലൈസൻസ് ആവശ്യമാണ്.

2023-24 വർഷത്തെ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവയുടെ രജിസ്ട്രേഷൻ രജിസ്റ്റർ, ലൈസൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചത് പ്രകാരം പൂക്കോയ തങ്ങൾ ഡയാലിസിസ് സെന്റർ എന്ന പാരാമെഡിക്കൽ സ്ഥാപനം (ലൈസൻസീ: നസീം കോട്ടേരി, ഫയൽ നം. 8129/24 തീ. 29.12.2024) രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും (പാരാമെഡിക്കൽ രജിസ്റ്ററിലെ ക്രമ നം. 10) ലൈസൻസ് എടുക്കാത്തതായി കാണപ്പെട്ടു. പ്രസ്തുത സ്ഥാപനത്തിന് ചട്ട പ്രകാരം ലൈസൻസ് അനുവദിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (നം. 18/2023-24 തീ. 18.11.2024) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-15 വൈദ്യുതി ബോർഡിൽ തുക ഡെപ്പോസിറ്റ് ചെയ്തത്- പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല

2023-24 വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തികൾക്ക് വൈദ്യുതി ബോർഡിൽ തുകകൾ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ പ്രവൃത്തികളുടെ ധനവിനിയോഗ സാക്ഷ്യപത്രം ,

പ്രവൃത്തി പൂർത്തീകരണ പത്രം, ഫൈനൽ ബിൽ എന്നിവ ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

ക്രമ നം.	പ്രോജക്ട് നം. പേര്	അടങ്കൽ	ചെലവ് തുക	ബിൽ /വൗച്ചർ നം.	സെക്ഷൻ
1	326/24, വാർഡ് 11ലെ പറമ്പിൽ പീടിക കൊടശ്ശേരിപൊറ്റ റോഡിലെ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ	18585 (വികസനഫണ്ട് ജനറൽ)	18585	19/24.02.24	KSEB ചേളാരി സെക്ഷൻ
2	281/24, വാർഡ് 2ൽ തടത്തിൽ കോളനി റോഡ് സൈഡിലെ രണ്ട് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ	38207 (തനത് ഫണ്ട്)	38207	22300683/19.12.23	KSEB ചേളാരി സെക്ഷൻ
3	10, 13 വാർഡുകളിൽ കൊല്ലംചിറ അത്രപ്പിൽകുണ്ട് - മേഗോളിമാട് ഏരിയയിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ	പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ല (തനത് ഫണ്ട്)	42872	22300147/08.06.23	KSEB ചേളാരി സെക്ഷൻ
4	221/24, സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ- ചേളാരി (So)	586106 (തനത് ഫണ്ട്)	586106	22300821/13.02.24	KSEB ചേളാരി സെക്ഷൻ
	ആകെ		6,85,770		

ഓഡിറ്റ് എൻകവയറി നം.02/23-24/13.11.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തികളുടെ പൂർത്തീകരണ വിവരവും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കുന്നത് വരെ ചെലവ് തുക 6,85,770/-രൂപ തടസ്സപ്പെടുത്തുന്നു.

1-16 തെരുവ് വിളക്ക് പരിപാലനം - അപാകതകൾ

പ്രോജക്ട് നം., പേര്	285/24, തെരുവ് വിളക്ക് പരിപാലനം	222/24, സ്ട്രീറ്റ് ലൈറ്റ് മാറ്റി സ്ഥാപിക്കൽ
അടങ്കൽ/ചെലവ് തുക	6,98,405 (തനത് ഫണ്ട്)	4,94,524 (വികസനഫണ്ട് ജനറൽ)
ബിൽ/വൗച്ചർ നം.	22301046/31.03.24, 600581	05/17.06.23

	22300722/08.01.24, 97824	
വാങ്ങിയ വിളക്കുകളുടെ എണ്ണം	326	190
നിർവ്വഹണം	സെക്രട്ടറി	സെക്രട്ടറി

കേടായ തെരുവ് വിളക്കുകൾ മാറ്റി സ്ഥാപിക്കുന്ന മേൽ പദ്ധതികൾ പ്രകാരം സർക്കാർ സ്ഥാപനമായ ക്രൂസിൽ (KREWS) നിന്നും 516 എണ്ണം തെരുവ് വിളക്കുകൾ വാങ്ങി സ്ഥാപിച്ചിട്ടുണ്ട്. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്ക് പരിപാലനം സംബന്ധിച്ച് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) തെരുവ് വിളക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് പരിധിയിലെ ആകെ തെരുവ് വിളക്കുകളുടെ എണ്ണം വാർഡ്, ഇനം തിരിച്ച് (ഹൈമാസ്റ്റ്, മിനിമാസ്റ്റ് ഉൾപ്പെടെ) കാണിക്കുന്ന വിധത്തിൽ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2) ഗ്രാമപഞ്ചായത്തിലെ പ്രവർത്തിക്കുന്നതും പ്രവർത്തന രഹിതമായതുമായ, വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള തെരുവു വിളക്കുകൾ സംബന്ധിച്ച് വ്യക്തമായ വിവര ശേഖരണം നടത്തിയിട്ടില്ല. കെ എസ് ഇ ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി വിവര ശേഖരണം നടത്തുവാൻ സർക്കാർ നിർദ്ദേശമുള്ളതാണെങ്കിലും ആയത് നടത്തിയിട്ടില്ല. (ഗവ.സർക്കുലർ നം.3055/ഡി.എ.3/2011/തസ്വഭവ തി.15.09.2011).

3) പഞ്ചായത്ത് ഡയറക്ടറുടെ ജി2-44274/15,തീ.17.08.15 തെരുവുവിളക്ക് പരിപാലന പൊതു മാർഗ്ഗരേഖ അനുസരിച്ച് സൂക്ഷിക്കേണ്ട തെരുവുവിളക്ക് മെയിന്റനൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. കംപ്ലയിന്റ് റിപ്പോർട്ട് ചെയ്യുന്ന തീയ്യതി, പ്രവർത്തനരഹിതമായ വിളക്ക്/പ്രദേശം, വാർഡ്, വിവരം നൽകുന്ന ആളിന്റെ പേരും ഫോൺ നമ്പറും, അറ്റകുറ്റപ്പണി നടത്തിയ തീയ്യതി, ഇലക്ട്രീഷ്യന്റെ ഒപ്പ്, നോഡൽ ഓഫീസറുടെ ഒപ്പ് എന്നീ വിവരങ്ങൾ ഉൾകൊള്ളിച്ചുകൊണ്ട് സൂക്ഷിക്കേണ്ട പ്രസ്തുത രജിസ്റ്റർ ആവശ്യപ്പെട്ടെങ്കിലും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

4) മേൽ മാർഗ്ഗരേഖ അനുസരിച്ച് സ്റ്റോക്കിന്റെ കൃത്യത ബോധ്യപ്പെട്ട്, വാങ്ങുന്ന ഉപകരണങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കേണ്ടതും കേടായ സാധനങ്ങൾ അതാത് ദവസം തന്നെ തിരികെ കൊണ്ട് വന്ന് രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ എറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതും സാമ്പത്തിക വർഷാവസാനം ഇപ്രകാരമുള്ള Stock In Register ഉം Stock Out Register ഉം റികൺസൈൽ ചെയ്ത് ആയതിന്റെ കൃത്യത സെക്രട്ടറി ഉറപ്പുവരുത്തേണ്ടതുമാണ്. എന്നാൽ വാങ്ങിയ വിളക്കുകൾ സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും കേടായ തെരുവ് വിളക്കുകൾ തിരികെ ലഭ്യമാക്കി സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

5) തെരുവുവിളക്കുകളുടെ പരിപാലനം മോണിറ്റർ ചെയ്യുന്നതിനായി വാർഡ് തലത്തിൽ മോണിട്ടറിംഗ് സമിതികൾ പ്രവർത്തിക്കുന്നില്ല.

അപാകതകൾ കാണിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം. 20/23-24/18.11.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-17 പ്ലാസ്റ്ററിങ്ങിന് അധിക നിരക്ക് നൽകി

പ്രോജക്ട്	174/24 ജി.എൽ.പി.എസ്സ് ഒളകര കെട്ടിട നിർമാണം	ഫണ്ട്	തനത് ഫണ്ട്
നിർവഹണം	അസിസ്റ്റന്റ് എഞ്ചിനീയർ	അടങ്കൽ	1800000
എസ്റ്റിമേറ്റ്	77990/2022	Cost Index	36.44 %
DSR	2018,	കരാർ	21/22-23/ 31.12.2022
കരാറുകാരൻ	അഷ്റഫ് .ഒ	വൗച്ചർ	18/22.11.2023
ചെലവ്	966511	പി.എ.സി	1271076.4

ഈ പ്രോജക്ട് ഒളകര പ്രൈമറി സ്കൂളിന് കെട്ടിടം നിർമിക്കുന്നതിനാണ്. എസ്റ്റമേറ്റ് ഇനം 14 പ്ലാസ്റ്ററിങ്ങ് വർക്കാണ്. കെട്ടിടത്തിന്റെ ഔട്ടർ വാൾ, ഇന്നർ വാൾ എന്നിവ പ്ലാസ്റ്ററിങ്ങ് ചെയ്യുന്നതിന് ഡാറ്റ 13.4.1 കോഡ് പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. Coarse Sand ഉൾപ്പെടുന്ന നിരക്കാണ് എസ്റ്റിമേറ്റിൽ ഉൾകൊള്ളിച്ചിട്ടുള്ളത്.

സാധാരണയായി Fine Sand ഉപയോഗിച്ചാണ് ചുമരുകൾ പ്ലാസ്റ്ററിങ്ങ് നടത്താറുള്ളത്. ജില്ലാ പഞ്ചായത്തിന്റെയും ജില്ലയിലെ മറ്റ് ഗ്രാമ പഞ്ചായത്തുകളിലെ പ്രവൃത്തികളിലും ഫൈൻ സാന്റ് ഉപയോഗിച്ചാണ് സ്കൂൾ കെട്ടിടങ്ങളുടെ ചുമരുകൾ പ്ലാസ്റ്ററിങ്ങ് നടത്താറുള്ളത് . Coarse Sand ഉപയോഗിച്ചാൽ വെള്ളം , ഈർപ്പം എന്നിവ ഇറങ്ങി ചുമരിന് നാശം വരാൻ സാധ്യതയും ഉണ്ട്. തെറ്റായ കോഡ് അനുവദിക്കാൻ ഇടയായ സാഹചര്യം വിശദീകരിക്കേണ്ടതാണ്. അധികം നൽകിയ തുകയുടെ വിവരം താഴെ കൊടുക്കുന്നു.

നൽകിയ തുക - DSR 13.4.1	നൽകാവുന്ന തുക – DSR 13.1.1	അധികം (18% GST ഉൾപ്പെടെ)
205.288 @ 327 = 67129.18 (എസ്റ്റിമേറ്റ് നിരക്ക് @ 327.07/M3. കരാറുകാരൻ കാട്ട് ചെയ്ത നിരക്ക് @ 327/M3 @ .021% ബിലോ നിരക്ക്)	205.288 @ 316 = 64871 (എസ്റ്റിമേറ്റ് നിരക്ക് @ 316.07/M3. കരാറുകാരന് അനുവദിക്കാവുന്ന നിരക്ക് @ 316/M3 @ .021% ബിലോ നിരക്ക്)	2664

ഓഡിറ്റ് എൻകയറി 11/16.11.2024 നൽകിയതിനെ അധിക തുക 2664 രൂപ ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ 19.11.2024 ന് അടവാക്കിയിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലും കോഡ് അനുവദിക്കുന്നതിലും സൂക്ഷ്മത പുലർത്തേണ്ടതാണ്.

1-18 മൺപണിക്ക് അധിക നിരക്ക് നൽകി - ഓഡിറ്റ് നിർദേശത്തെ തുടർന്ന് തിരിച്ചടവാക്കി.

ഈ പ്രവൃത്തിയുടെ ഇനം ഒന്ന് ആയി കനാൽ നിർമാണത്തിനായി മണ്ണ് കിളച്ച് മാറ്റിയതിന് DSR കോഡ് 2.8.1 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. 1.5 മീറ്ററിൽ അധികരിക്കാത്ത വീതിയിൽ മണ്ണ് കിളച്ച് നീക്കുന്നതിനാണ് ഈ ഡാറ്റ പ്രകാരമുള്ള നിരക്ക് നൽകേണ്ടത് എന്ന് പ്രസ്തുത ഡാറ്റയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ പ്രവൃത്തിക്കായി 1.6 മീറ്റർ വീതിയിലാണ് മണ്ണെടുത്തിട്ടുള്ളത് എന്ന് അളവ് ബുക്കിലെ രേഖപ്പെടുത്തലിൽ നിന്ന് വ്യക്തമാവുന്നു. അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. നന്ദകുമാർ അളവുകൾ രേഖപ്പെടുത്തുകയും ശ്രീ. കൃഷ്ണൻകുട്ടി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ചെക്ക് മെഷർ ചെയ്തതായും അളവ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇത്തരം പ്രവൃത്തികൾക്ക് DSR കോഡ് 2.6.1 പ്രകാരമുള്ള നിരക്കാണ് നൽകാവുന്നത് .

അധിക നിരക്ക് നൽകിയത് ശ്രദ്ധയിൽ പെടുത്തുന്നു. ഡാറ്റ പരിശോധിക്കാതെ തെറ്റായ ഐറ്റം കോഡ് നൽകി അധിക നിരക്ക് നൽകിയത് അംഗീകരിക്കുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. തുക ഈടാക്കേണ്ടതാണ്.

പ്രവൃത്തി	ഇനം അളവ്	നൽകിയ തുക	നൽകാവുന്ന തുക	അധികം
185/24 ഒളകരപ്പാടം കനാൽ നിർമ്മാണം വൗച്ചർ നമ്പർ - 06/19.6.2023 തുക : 694047 ഫണ്ട് - എഫ്. സി ഗ്രാന്റ് നിർവഹണം : അസിസ്റ്റന്റ് എഞ്ചിനീയർ കരാർ:AE/Lid&Ev/Pvlr/05/2022-23/19.02.2022 കോൺട്രാക്ടർ. ശ്രീ. NM ശ്രീധരൻ എസ്റ്റിമേറ്റ് : 4053/2022 നിരക്ക് : ഐറ്റം റേറ്റ്.	105.008m^3	26148.98 **@248/M^3** **(അടിസ്ഥാന നിരക്ക് 298.84/M3** **നൽകിയ നിരക്ക് 17.01 ബിലോ നിരക്കിൽ 248)**	**18691.424** **@178/M^3** **(അടിസ്ഥാന നിരക്ക് 215.37/M3 .** **നൽകാവുന്ന നിരക്ക് 17.01 ബിലോ നിരക്കിൽ 178)**	7457.55

DSR 2018, കോസ്റ്റ് ഇൻഡക്സ് 36.44%				
18% ജി.എസ്.ടി ഉൽപ്പെടെ ആകെ നഷ്ടം				8800

അധികം നൽകിയ തുക 8800 രൂപ ഓഡിറ്റ് എൻകൃയറി 8/15.11.2024 നൽകിയതിനെ തുടർന്ന് ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ 18.11.2024 ന് തിരിച്ചടവാക്കിയിട്ടുണ്ട് . എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ സൂക്ഷ്മത പുലർത്തേണ്ടതാണ്. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-19 പൊളിച്ച് മാറ്റിയ കരിങ്കല്ല് - ലേലം ചെയ്യുകയോ പുനരുപയോഗിക്കുകയോ ചെയ്തില്ല.

ഭരണ സമിതിയുടെ 5/1 Dated 14.02.2024 യോഗ തീരുമാനം ഇപ്രകാരമാണ്.

പെരുവള്ളൂർ ഗ്രാമപഞ്ചായത്തിലെ കുഴക്കീൽകുണ്ട് ഡ്രൈനേജ് നിർമ്മാണത്തോട് അനുബന്ധിച്ച് പൊളിച്ച പാറക്കഷ്ണങ്ങൾ നീക്കം ചെയ്യുന്നതിനുള്ള സർവ്വേ റിപ്പോർട്ടിന് തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റൻറ് എഞ്ചിനീയറിൽ നിന്നും അംഗീകാരം കിട്ടിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് പ്രകാരം 49378/- (നാൽപത്തി ഒമ്പതിനായിരത്തി മുന്നൂറ്റി എഴുപത്തി എട്ട് രൂപ) രൂപയാണ് പാറക്കഷ്ണങ്ങൾ നീക്കം ചെയ്യുന്നതിനുള്ള തുക. ഈ സർവ്വേ റിപ്പോർട്ട് ഭരണസമിതി അംഗീകാരത്തിനും ലേല നടപടികൾ സ്വീകരിക്കുന്നതിനുമായി എ. ഇ സമർപ്പിച്ചിട്ടുണ്ട്.ആയത് കമ്മിറ്റി പരിശോധിച്ചു.

കുഴക്കീൽകുണ്ട് ഡ്രൈനേജ് നിർമ്മാണത്തോട് അനുബന്ധിച്ച് പൊളിച്ച പാറക്കഷ്ണങ്ങൾ നീക്കം ചെയ്യുന്നതിന് തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റൻറ് എഞ്ചിനീയർ നൽകിയ സർവ്വേ റിപ്പോർട്ട് അംഗീകരിക്കുന്നതിനും , ലേല നടപടികൾ സ്വീകരിക്കുന്നതിന് അസിസ്റ്റന്റ് എൻജിനീയറെ ചുമതലപ്പെടുത്തുന്നതിനും തീരുമാനിച്ചു.

പൊളിച്ച് ഒഴിവാക്കിയ കരിങ്കല്ല് ലേലം ചെയ്ത തുക ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ മുതൽ കൂട്ടിയിട്ടുണ്ടോ / പുനരുപയോഗിച്ചിട്ടുണ്ടോ എന്നും അറിയിക്കേണ്ടതാണ്. പുനരുപയോഗിച്ചിട്ടുണ്ട് എങ്കിൽ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ 15/16.11.2024 ഓഡിറ്റ് എൻകൃയറിക്ക് നടപടികൾ സ്വീകരിച്ച് വരുന്നു എന്ന് മറുപടി നൽകി.തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

1-20 1.2 കോടി രൂപയുടെ ക്യൂ ബില്ലുകൾ . പദ്ധതി നിർവഹണത്തിൽ അനാസ്ഥ

ഗ്രാമ പഞ്ചായത്തിൽ ഓഡിറ്റ് വർഷം 38 ബില്ലുകൾ ക്യൂ ബിൽ ആയിട്ടുണ്ട്. 12051553 രൂപയുടെ ബില്ലുകളാണ് ഇപ്രകാരം തുക മാറിയെടുക്കാൻ സാധിക്കാതെ വന്നത് എന്ന് കാണുന്നു. പ്ലാൻ ജനറൽ 3752054 രൂപയും, എസ്.സി

പി വിഹിതം 1727164 രൂപയും , എം.ജി നോൺ റോഡ് 1797803 രൂപയും , എം.ജി റോഡ് 4775632 രൂപയുമാണ് ഇപ്രകാരം യഥാസമയം ബിൽ മാറാതിരുന്നതിനാൽ ഗ്രാമ പഞ്ചായത്തിന് ഫലത്തിൽ ലാപ്സായത് എന്ന് കാണുന്നു. ഇതിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ 11 , ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 07 , മെഡിക്കൽ ഓഫീസറുടെ 5, അസിസ്റ്റന്റ് എഞ്ചിനീയറുടെ 15 ബില്ലുകളും ഉൾപ്പെടുന്നു. പ്ലാൻ ജനറൽ , ടി.എസ്.പി ഫണ്ട് , റോഡ് മെയിന്റനൻസ് ഫണ്ട്, നോൺ റോഡ് മെയിന്റനൻസ് ഫണ്ട് എന്നീ ഫണ്ടുകൾ ഉപയോഗിച്ചുള്ള പ്രോജക്ടുകളുടെ ബില്ലുകളാണ് മാറാൻ കഴിയാതെ വന്നിട്ടുള്ളത് എന്ന് വ്യക്തമാവുന്നു. താഴെ രേഖപ്പെടുത്തിയ വസ്തുതകൾ ശ്രദ്ധയിൽ പെടുത്തുന്നു.

1) ഏറ്റവും കൂടുതൽ ബില്ലുകൾ ക്യൂവിലായത് അസിസ്റ്റന്റ് എഞ്ചിനീയറുടെ ബില്ലുകളാണ്. ഇതിൽ രണ്ട് ബില്ലുകൾ പ്ലാൻ ജനറലും, രണ്ട് ബില്ലുകൾ മെയിന്റെനൻസ് ഗ്രാന്റ് നോൺ റോഡ് ഫണ്ടും, 11 ബില്ലുകൾ മെയിന്റെനൻസ് ഗ്രാന്റ് റോഡ് ഫണ്ട് ഉപയോഗിച്ചുള്ള പ്രോജക്ട് ഫയലുകളുമാണ്. പ്ലാൻ ജനറൽ അവസാന അലോട്ട്മെന്റ് ലഭിക്കുന്നത് 22.03.2024 തിയ്യതിയിലാണ് എന്നും മെയിന്റെനൻസ് ഗ്രാന്റ് നോൺ റോഡ്, റോഡ് ഫണ്ട് അവസാന അലോട്ട്മെന്റ് ലഭിക്കുന്നത് 17.11.2023 തിയ്യതിയിലാണ് എന്നും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ നിന്ന് വ്യക്തമാവുന്നു. ഈ സമയം എ.സി.ആർ പ്രകാരം മതിയായ ഫണ്ട് ബാലൻസ് ഉള്ളതായി കാണുന്നു. എന്നാൽ നിർവഹണ ഉദ്യോഗസ്ഥരുടെ 25.03.2024 ന് ന് ശേഷമുള്ള ബില്ലുകൾ മാറാതിരുന്നത് ഫണ്ട് ഷോർട്ടേജ് അല്ല എന്ന് വ്യക്തമാവുന്നു. 17.11.2023 ന് അലോട്ട്മെന്റ് ലഭിച്ചിട്ടും യഥാസമയം ബിൽ മാറാൻ സാധിക്കാതിരുന്നത് നിർവഹണ ഉദ്യോഗസ്ഥരുടെ വീഴ്ച്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

2) ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 7 ബില്ലുകളാണ് ക്യൂവിലായത്. ഇതിൽ അഞ്ച് ബില്ലുകൾ പ്ലാൻ ജനറലും രണ്ട് ബില്ലുകൾ എം.ജി നോൺ റോഡ് ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികളുമാണ്. പ്ലാൻ ജനറൽ അവസാന അലോട്ട്മെന്റ് ലഭിക്കുന്നത് 22.03.2024 തിയ്യതിയിലും 17.11.2023 നാണ് മെയിന്റെനൻസ് ഗ്രാന്റ് നോൺ റോഡ് ഫണ്ട് ലഭ്യമായത് എന്നും വ്യക്തമാവുന്നു. ട്രഷറി നിയന്ത്രണങ്ങൾക്ക് സാധ്യതയുണ്ട് എന്ന് അറിഞ്ഞിട്ടും യഥാസമയം ബില്ലുകൾ നൽകാതെ ഗ്രാമ പഞ്ചായത്ത് ഫണ്ട് ലാപ്സാക്കിയത് അംഗീകരിക്കാനാവില്ല.

3) വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ 11 ബില്ലുകളാണ് ക്യൂവിലായത് . ഇതിൽ അഞ്ച് ബില്ലുകൾ പ്ലാൻ ജനറലും അവശേഷിച്ചവ പ്ലാൻ എസ്.സി.പി ഫണ്ടുപയോഗിച്ചുള്ള പ്രവൃത്തികളുമാണ്. 22.03.2024 നാണ് അലോട്ട് മെന്റ് ലഭ്യമായത് എന്ന് വ്യക്തമാവുന്നു. ലൈഫ് , ഭവന റിപ്പയർ, പഠന മുറി പ്രോജ്ക്ടുകളുടെ ബില്ലുകളാണ് മാറാൻ സാധിക്കാതിരുന്നത് എന്ന് കാണുന്നു.

4) മെഡിക്കൽ ഓഫീസറുടെ 5 ബില്ലുകളാണ് ക്യൂവിലായത് . ഇതിൽ ഒരു ബിൽ പ്ലാൻ ജൻറൽ ഉപയോഗിച്ചുള്ള പ്രവൃത്തിയും അവശേഷിച്ചവ മെയിന്റനൻസ് ഫണ്ട് നോൺ റോഡ് ഉപയോഗിച്ചുള്ള പ്രോജക്ട് ബില്ലുകളുമാണ്. പാലിയറ്റീവ് പരിചരണ പ്രോജക്ട് ചെലവുകളാണ് ഈ ബില്ലുകളിൽ എന്ന് പരിശോധനയിൽ വ്യക്തമാവുന്നു.

5) 11.01.2024, 14.02.2024 തിയ്യതികളിലെ ഭരണ സമിതി തീരുമാനത്തിൽ പദ്ധതി പ്രവർത്തനങ്ങളുടെ നിലവിലെ പുരോഗതി വിവരം വിലയിരുത്തിയിട്ടുണ്ട്. 11.01.2024 ലെ യോഗത്തിൽ സംസ്ഥാന ഡാഷ് ബോർഡിൽ ഗ്രാമ

പഞ്ചായത്തിന്റെ പദ്ധതി പ്രവർത്തന പുരോഗതി കേവലം 36 ശതമാനം മാത്രമാണ് എന്ന് വിലയിരുത്തി പദ്ധതി പ്രവർത്തനങ്ങൾക്ക് വേഗത കൈവരിക്കാൻ നിർവഹണ ഉദ്യോഗസ്ഥർക്ക് നിർദേശം നൽകിയിട്ടുണ്ട്. 14.02.2024 ലെ മീറ്റിങ്ങിൽ പ്ലാൻ 45%, എസ്.സി.പി 47%, MG NR 15.6%, MG R 8% എന്ന പുരോഗതി വിവരം വിലയിരുത്തുകയും നൂറ് ശതമാനം പുരോഗതി കൈവരിക്കാൻ നിർവഹണ ഉദ്യോഗസ്ഥർക്ക് നിർദേശം നൽകുകയും ചെയ്തതായി കാണുന്നു. എന്നിട്ടും പദ്ധതി പ്രവർത്തനങ്ങളിൽ പുരോഗതി കൈവരിക്കാനായില്ല എന്നത് നിർവഹണ ഉദ്യോഗസ്ഥരുടെ ഭാഗത്തുള്ള വീഴ്ച്ചയാണ് എന്ന് വിലയിരുത്തുന്നു.

6) മെയിന്റനൻസ് ഫണ്ട് റോഡ് , നോൺ റോഡ് ഇനത്തിൽ ആകെ 6572335 രൂപയുടെ ഫണ്ട് ബിൽ മാറാൻ സാധിക്കാതെ ലാപ്സായിട്ടുണ്ട്. എന്നാൽ രണ്ട് ഫണ്ടിന്റെയും അവസാന അലോട്ട്മെന്റ് 17.11.2023 ന് ലഭ്യമായിട്ടുണ്ട് എന്ന് കാണുന്നു. മതിയായ സമയം ലഭിച്ചിട്ടും പ്രവൃത്തികൾ / പ്രോജക്ട് പൂർത്തിയാക്കി വൗച്ചറുകൾ ശേഖരിച്ച് ബിൽ മാറാൻ നടപടി സ്വീകരിക്കാതിരുന്നത് ഗുരുതര സ്വഭാവമുള്ള വിഴ്ച്ചയായി വിലയിരുത്തുന്നു.

മതിയായ ഫണ്ട് ബാലൻസ് ഉണ്ടായിട്ടും ഗ്രാമ പഞ്ചായത്തിന്റെ ബില്ലുകൾ മാറാതിരുന്നത് ട്രഷറിയിലെ പിഴവ് കൊണ്ടാണോ എന്ന കാര്യം പരിശോധിക്കേണ്ടതും അപ്രകാരം സംഭവിച്ചിട്ടുണ്ട് എങ്കിൽ വിഷയം പ്രത്യേകമായി തന്നെ സർക്കാറിന്റെ ശ്രദ്ധയിൽ കൊണ്ട് വരേണ്ടതുമാണ്.

അസിസ്റ്റന്റ് എഞ്ചിനീയർ ഒഴികെയുള്ള നിർവഹണ ഉദ്യോഗസ്ഥർക്ക് നിർവഹണം നടത്തേണ്ട പ്രോജക്ടുകളുടെ എണ്ണം കുറവാണ് എന്നത് വസ്തുതയാണ്. എന്നിട്ടും നിർവഹണ ഉദ്യോഗസ്ഥർ **സമയോജിതമായി** ബില്ലുകൾ തയ്യാറാക്കി ട്രഷറിയിൽ സമർപ്പിക്കുന്നതിന് കാലതാമസം വരുത്തുന്നുണ്ട് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഫണ്ടുകൾ നഷ്ടപെടാൻ ഇടയാക്കുന്ന വിധത്തിലുള്ള കാലതാമസം നിർവഹണ ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്ന് വരുന്നുണ്ടോ എന്ന് വിലയിരുത്തേണ്ടതും കർശന നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഓഡിറ്റ് എൻകപയറി 29/19.11.2024 പ്രകാരം ഈ വസ്തുതകൾ സെക്രട്ടറിയുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.

1-21 പി.എം.എ.വൈ വിഹിതം നൽകിയത്- വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല

പ്രോജക്ട് നം., പേര്	63/24, പി.എം.എ.വൈ വിഹിതം നൽകൽ, എസ്.സി.പി
അടങ്കൽ തുക	140000 (വികസനഫണ്ട് എസ്.സി.പി)
ചെലവ് തുക	140000 (വികസനഫണ്ട് എസ്.സി.പി)
ബിൽ/വൗച്ചർ നം.	64/09.08.2023 - 70000 74/16.09.2023 - 70000

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് വിഹിതം നൽകിയിട്ടുണ്ട്. എന്നാൽ ചെലവ് തുകയുടെ വിനിയോഗസാക്ഷ്യപത്രം ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടില്ല. ആയത്

ലഭ്യമാക്കുന്നത് വരെ 140000/-രൂപ തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് എൻകപയറി നം.19/23-24/18.11.2024ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-22-1 റോഡ് കോൺക്രീറ്റിന് അധികനിരക്ക് നൽകി

ഗ്രാമ പഞ്ചായത്തിൽ 2023-24 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ റോഡ് കോൺക്രീറ്റ് പ്രവൃത്തികളിൽ റോഡ് പ്രതലം കോൺക്രീറ്റ് ചെയ്യുന്നതിന് MORD സ്പെസിഫിക്കേഷൻ കോഡ് 75.8.1.1പ്രകാരമുള്ള 8348.76/M3 എന്ന നിരക്കാണ് അനുവദിച്ചിട്ടുള്ളത്. ഇത് സൈഡ് ഷട്ടറിംഗ് ഉൾപ്പെടെയുള്ള നിരക്കാണ്. എന്നാൽ, 18-11-2024 ന് ഗ്രാമ പഞ്ചായത്ത് ഓവർസീയയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ പ്രവൃത്തിക്കായി സൈഡ് ഷട്ടറിംഗ് നടത്തിയിട്ടില്ലെന്ന് ബോധ്യപ്പെട്ടു. സൈഡ് ഷട്ടറിംഗ് ആവശ്യമില്ലാത്ത പ്രവൃത്തികൾക്ക് Observed Data പ്രകാരമുള്ള, സൈഡ് ഷട്ടറിംഗിനുള്ള നിരക്ക് കുറച്ച നിരക്കായ 8036.83/M3 രൂപയാണ് അനുവദിക്കാവുന്നത്. ഗ്രാമ പഞ്ചായത്തിലെ മറ്റ് റോഡ് കോൺക്രീറ്റ് പ്രവൃത്തികളിൽ സൈഡ് ഷട്ടറിങ്ങ് കുറവ് വരുത്തിയ ഒബസർവ്ഡ് ഡാറ്റ പ്രകാരമാണ് നൽകിയത് എന്ന് വ്യക്തമായിട്ടുണ്ട്. ആയതിന് പകരം ഉയർന്ന നിരക്ക് നൽകിയത് വഴി അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു. അധികം നൽകിയ തുക ഈടാക്കേണ്ടതാണ്.

പ്രോജക്ട്	ചെയ്ത അളവ്	നൽകിയ തുക @ 6261.57/M3	നൽകാവുന്ന തുക @ 6027.623/M3	അധികം
195/24 കെ.കെ പടി സിദ്ധീഖാബാദ് റോഡ് നവീകരണം അടങ്കൽ: 113233 രൂപ (പ്ലാൻ ജനറൽ) പ്രൈസ് എഡി : 41790/2022 കരാറുകാരൻ: ശ്രീ. നാസർ. പെരിഞ്ചീരി കരാർ: AE/Lid&Ew/Pvlr/11/22-23/24.11.2022 ചെലവ്: 111233 രൂപ	13.459 M3	84274.47 (എസ്റ്റിമേറ്റ് നിരക്ക് 8348.76/M3. കരാറുകാരൻ കേട്ട് ചെയ്ത നിരക്ക് 6261.57 @ 25 % ബിലോ)	81125.77 (അടിസ്ഥാന നിരക്ക് 8036.83/M3. കരാറുകാരൻ കേട്ട് ചെയ്ത നിരക്ക് പ്രകാരം 7787.69/M3 @ 25% ബിലോ	3148.69

വൗച്ചർ നമ്പർ: 05/23-24/14-06-2023 Dsr 2018, Cost Index 36.44 % നിരക്ക് : ഐറ്റം നിരക്ക്				
18% GST ഉൾപ്പെടെയുള്ള നഷ്ടം				3715.45

ഓഡിറ്റ് എൻകവയറി 26/18.11.2024 നൽകിയതിനെ തുടർന്ന് അധികം നൽകിയ തുക 19.11.2024 ന് ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്. മെഷർമെന്റ് സമയത്ത് മതിയായ സൂക്ഷ്മത പുലർത്തേണ്ടതാണ്.

1-22 റോഡ് കോൺക്രീറ്റിന് അധികനിരക്ക് നൽകി

ഗ്രാമ പഞ്ചായത്തിൽ 2023-24 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ റോഡ് കോൺക്രീറ്റ് പ്രവൃത്തികളിൽ റോഡ് പ്രതലം കോൺക്രീറ്റ് ചെയ്യുന്നതിന് MORD സ്പെസിഫിക്കേഷൻ കോഡ് 75.8.1.1 പ്രകാരമുള്ള 8348.76/M3 എന്ന നിരക്കാണ് അനുവദിച്ചിട്ടുള്ളത്. ഇത് സൈഡ് ഷട്ടറിംഗ് ഉൾപ്പെടെയുള്ള നിരക്കാണ്. എന്നാൽ, 18-11-2024 ന് ഗ്രാമ പഞ്ചായത്ത് ഓവർസീയയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ പ്രവൃത്തിക്കായി സൈഡ് ഷട്ടറിംഗ് നടത്തിയിട്ടില്ലെന്ന് ബോധ്യപ്പെട്ടു. സൈഡ് ഷട്ടറിംഗ് ആവശ്യമില്ലാത്ത പ്രവൃത്തികൾക്ക് Observed Data പ്രകാരമുള്ള, സൈഡ് ഷട്ടറിംഗിനുള്ള നിരക്ക് കുറച്ച നിരക്കായ 8036.83/M3 രൂപയാണ് അനുവദിക്കാവുന്നത്. ഗ്രാമ പഞ്ചായത്തിലെ മറ്റ് റോഡ് കോൺക്രീറ്റ് പ്രവൃത്തികളിൽ സൈഡ് ഷട്ടറിങ്ങ് കുറവ് വരുത്തിയ ഒബസർവ്ഡ് ഡാറ്റ പ്രകാരമാണ് നൽകിയത് എന്ന് വ്യക്തമായിട്ടുണ്ട്. ആയതിന് പകരം ഉയർന്ന നിരക്ക് നൽകിയത് വഴി അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. പരാമർശിത റോഡിൽ സൈഡ് ഷട്ടറിങ്ങ് നടത്തിയിട്ടില്ല എന്ന് ഗ്രാമ പഞ്ചായത്ത് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സൈറ്റ് പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു. അധികം നൽകിയ തുക ഈടാക്കേണ്ടതാണ്.

പ്രോജക്ട്	ചെയ്ത അളവ്	നൽകിയ തുക @ 8089.94/M3	നൽകാവുന്ന തുക @ 7787.69/M3	അധികം
183/24 പുതുക്കാട്ട് മാട് റോഡ് നവീകരണം അടങ്കൽ: 400,000 രൂപ (തനത് ഫണ്ട്)	36.45 M3	293478.75 (എസ്റ്റിമേറ്റ് നിരക്ക് 8348.76/M3. കരാറുകാരൻ കേപട്ട് ചെയ്ത നിരക്ക് 8089.94 @ 3.1 % ബിലോ)	283861.3 (അടിസ്ഥാന നിരക്ക് 8036.83/M3. കരാറുകാരൻ കേപട്ട് ചെയ്ത നിരക്ക് പ്രകാരം 7787.69/M3 @ 3.1% ബിലോ	9617.449

പ്രൈസ് എഡി : 77746/2022 കരാറുകാരൻ: ശ്രീ. ബീരാൻ കുട്ടി കരാർ: AE/Lid&Ew/Pvlr/48/22-23/13.02.2023 ചെലവ്: 346238 രൂപ വൗച്ചർ നമ്പർ: 08/23-24/13-07-2023 Dsr 2018, Cost Index 36.44 % നിരക്ക് : ഐറ്റം നിരക്ക്				
GST ഉൾപ്പെടെയുള്ള നഷ്ടം				11348.59

അപാകത പരാമർശിച്ച് നൽകിയ 25/18.11.2024 ഓഡിറ്റ് എൻകായറിയെ തുടർന്ന് അധികം നൽകിയ 11348.59 രൂപ തിരികെ ഈടാക്കി 27.11.2024 ന് ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്. മെഷർമെന്റ് , ചെക്ക് മെഷർമെന്റ് വേളയിൽ സൂക്ഷ്മത പുലർത്തേണ്ടതാണ്.

1-23 ആട് തീറ്റ വിതരണം - കൃത്യമായ വിതരണ വിവരം ലഭ്യമാക്കിയില്ല.

പ്രൊജക്റ്റിന്റെ പേര്, നമ്പർ: 124/2023-24 ആട് വളർത്തൽ പരിപോഷിപ്പിക്കൽ-ആട് തീറ്റ വിതരണം-വനിത ,

നിർവ്വഹണം- വെറ്റിനറി സർജൻ

അടങ്കൽ : 600,000 രൂപ (വികസന ഫണ്ട് 300,000 , ഗുണ.വിഹിതം 300,000)

ചെലവ്: 81120 രൂപ

(വികസന ഫണ്ട് 40560 (ബിൽ :404/24.3.2024) + ഗുണ.വിഹിതം 40560- ചെക്ക് :13581/25.3.2024)

മേൽ സൂചിപ്പിച്ച പദ്ധതി പ്രകാരം ആട് തീറ്റ വിതരണം ചെയ്യുന്നതിന് 81120 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ താഴെ സൂചിപ്പിക്കുന്ന ഇൻവോയ്സുകൾ പ്രകാരം KERALA FEEDS ൽ നിന്നും വാങ്ങിയ ആട് തീറ്റ വിതരണം

ചെയ്തതിന്റെ കൃത്യമായ വിവരങ്ങൾ, ഗുണഭോക്താക്കൾ കൈപ്പറ്റിയതിന്റെ രേഖകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. ഫയലിൽ സൂക്ഷിച്ച ചില ഫോമുകളിൽ രസീതി എന്നെഴുതിയതിന് താഴെ ഒപ്പു വെച്ചിട്ടുണ്ടെങ്കിലും വിതരണം ചെയ്തതിന്റെ കണക്കുകളൊന്നും രേഖപ്പെടുത്തിയിട്ടില്ല.

ഇൻവോയ്സ് നമ്പർ/ തിയ്യതി	തുക	ചാക്കുകളുടെ എണ്ണം
KFLPI23-24-046118/ 19.1.2024	42120	1080
KFLPI23-24-049307/ 10.2.2024	20280	520
KFLPI23-24-053241/7.3.2024	18720	480

ഇൻവോയ്സുകൾ പ്രകാരം വാങ്ങിയ ആട് തീറ്റ പൂർണ്ണമായി വിതരണം ചെയ്തതിന്റെ കൃത്യമായ വിവരങ്ങൾ, ഗുണഭോക്താക്കൾ കൈപ്പറ്റിയതിന്റെ രേഖകൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കാനാവശ്യപ്പെട്ട് വെറ്റിനറി സർജന് നൽകിയ 22/ 18.11.2024 നമ്പർ എൻകുയറിക്ക് മറുപടി നൽകിയെങ്കിലും ഇൻവോയ്സുകൾ പ്രകാരം വാങ്ങിയ ആട് തീറ്റ പൂർണ്ണമായി വിതരണം ചെയ്തതായി ബോധ്യപ്പെടുന്ന രജിസ്റ്റർ /രേഖകൾ ഹാജരാക്കിയിട്ടില്ല. അപേക്ഷാ ഫോമിൽ തന്നെ രസീത് എഴുതി വാങ്ങിയത് ആധികാരിക രേഖയായി പരിഗണിക്കാനാവില്ല. ഇപ്രകാരം അപേക്ഷയോടൊപ്പം എഴുതി വാങ്ങുന്ന രസീത് പലപ്പോഴും ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് മുമ്പ് ലഭിക്കുന്നതാണ് എന്ന പരിമിതി നിലനിൽക്കുന്നു എന്ന് ശ്രദ്ധയിൽ പെടുത്തുന്നു. വിതരണം സംബന്ധിച്ച വ്യക്തമായ രജിസ്റ്റർ , ലിസ്റ്റ് ഫയലിൽ സൂക്ഷിച്ചിരിക്കേണ്ടതാണ്. വിതരണം ചെയ്തതിന്റെ രേഖകളുടെ അഭാവത്തിൽ ചിലവ് തുക 81120 ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

1-24 വൗച്ചറുകൾ ലഭ്യമാക്കിയില്ല.

പ്രൊജക്റ്റിന്റെ പേര്, നമ്പർ: 104/24 വായനശാലകൾക്ക് ദിനപത്രം .

നിർവ്വഹണം- ഹെഡ്മാസ്റ്റർ

അടങ്കൽ : 25,000 രൂപ (തനതു ഫണ്ട്)

ചെലവ്: 25000 രൂപ (തനതു ഫണ്ട്)

ചെക്ക് നമ്പർ: 13587/27.3.2024 (25000 രൂപ)

മേൽ സൂചിപ്പിച്ച പദ്ധതി പ്രകാരം വായനശാലകൾക്ക് ദിനപത്രത്തം വരുത്തുന്നതിന് സാമ്പത്തിക സഹായം നൽകുന്ന ആവശ്യത്തിലേക്ക് തനതു ഫണ്ടിൽ നിന്ന് 25000 രൂപ മുഹമ്മദ് മുസ്തഫ എന്ന വ്യക്തിയുടെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ദിനപ്രത്തിന്റെ വൗച്ചറുകൾ/ബില്ലുകൾ ലഭ്യമാക്കിയിട്ടില്ല. ദിനപത്രം വരുത്തിയിട്ടുണ്ട് എന്ന വായനശാല ഭാരവാഹികളുടെ സാക്ഷ്യപത്രം മാത്രമാണ് ഫയലിലുള്ളത്.

വൗച്ചറുകൾ ഓഡിറ്റിന് ലഭ്യമാക്കാനാവശ്യപ്പെട്ട് ഹെഡ്മാസ്റ്റർക്ക് നൽകിയ 21/ 18.11.2024 നമ്പർ ഓഡിറ്റ് എൻകപയറിക്ക് മറുപടി നൽകിയിട്ടില്ല. ദിനപത്രത്തിന്റെ വൗച്ചറുകൾ ലഭ്യമാക്കി ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

1-25 മുൻകൂറായി തുക നൽകി - മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും മുഴുവൻ ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ – പി.എച്ച്.സി/സി.എച്ച്.സി നടപ്പിലാക്കിയ പാലിയേറ്റീവ് പരിചരണം എന്ന പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം.	134/24
പ്രോജക്ടിന്റെ പേര്	പാലിയേറ്റീവ് പരിചരണം
നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ -പി.എച്ച്.സി./സി.എച്ച്.സി.
ആകെ അടങ്കൽ	2500000 (വികസന ഫണ്ട് ജനറൽ – 1000000, മറ്റ് ബ്ലോക്ക് പഞ്ചായത്ത് – 1000000, മെയിന്റനൻസ് ഫണ്ട് റോഡിതരം – 500000)
ആകെ ചെലവ്	1349280/- (വികസന ഫണ്ട് ജനറൽ – 950257, മെയിന്റനൻസ് ഫണ്ട് റോഡിതരം – 399023)

മേൽ പ്രോജക്ടിന് കീഴിൽ പെയ്ൻ & പാലിയേറ്റീവ് രോഗികൾക്ക് മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിന് രണ്ട് പ്രഫോർമ ഇൻവോയ്സുകൾ പ്രകാരം ആകെ 613533/- രൂപ മുൻകൂറായി നൽകിയിട്ടുണ്ട്. മുൻകൂറായി പണം നൽകിയതിന്റെയും ലഭിച്ച മരുന്നുകളുടെയും ലഭ്യമാക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെയും വിശദവിവരം താഴെ ചേർക്കുന്നു.

ക്രമ നം.	ബിൽ/വൌച്ചർ നം., തുക	പ്രഫോർമ ഇൻവോയ്സ് നം.	തുക	ലഭ്യമായ മരുന്നുകളുടെ വിവരങ്ങൾ		ലഭ്യമാകാൻ അവശേഷിക്കുന്ന മരുന്നുകൾ
				ഇൻവോയ്സ് നം.	തുക	

1	23150652035301357593 തീ. 01.03.2024 – 198533/-	PRF4466 തീ. 24.02.2024	198533	1525 തീ. 09.04.2024	17272	127194
				4476 തീ. 06.05.2024	9742	
				8827 തീ. 31.05.2024	16526	
				22060 തീ. 08.07.2024	5028	
				41755 തീ. 20.08.2024	12894	
				48383 തീ. 18.09.2024	4771	
				50028 തീ. 04.10.2024	5106	
				ആകെ	71339	
2	23150652035301031054 തീ. 06.01.2024 – 415000	PRF2766 തീ. 23.12.2023	415000	26061 തീ. 03.02.2024	3185	167659
				27497 തീ. 22.02.2024	5102	
				28811 തീ. 04.03.2024	90	
				30552 തീ. 21.03.2024	780	
				1251 തീ. 08.04.2024	26195	
				6012 തീ. 18.05.2024	143451	
				8454 തീ. 30.05.2024	41337	
				11019 തീ. 06.06.2024	8829	
				11506 തീ. 10.06.2024	4035	
				13960 തീ. 18.06.2024	11046	
				22395 തീ. 09.07.2024	3291	
				ആകെ	247341	
ആകെ (ഗ്രാന്റ് ടോട്ടൽ)			**613533**		**318680**	**294853**

മേൽ പ്രോജക്ടിൽ ആകെ 294853/- രൂപയുടെ മരുന്നും മെഡിക്കൽ സാമഗ്രികളും ലഭ്യമാക്കാൻ അവശേഷിക്കുന്നുണ്ട്. ആയത് ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം. 6/2023-24 തീ. 15.11.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ പൂർണ്ണമായും ലഭിച്ചതിന് ശേഷം ആയത് സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-26 രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ - അധിക തുക നൽകി.

മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി.) നിർവ്വഹണം നടത്തിയ 'രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ' എന്ന പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

പ്രോജക്ട് നം.	279/24
പ്രോജക്ടിന്റെ പേര്	രോഗ നിർണ്ണയ സൌകര്യങ്ങൾ ഏർപ്പെടുത്തൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി.)
ആകെ അടങ്കൽ	1098000 (ഹെൽത്ത് ഗ്രാന്റ് – 1098000)
ആകെ ചെലവ്	508822/- (ഹെൽത്ത് ഗ്രാന്റ് - 508822)

1. <u>ലാബ് ഉപകരണങ്ങൾ വാങ്ങിയത്: കുറഞ്ഞ നിരക്ക് കോട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നും വാങ്ങിയില്ല</u>

മേൽ പ്രോജക്ടിന് കീഴിൽ താഴെ പറയുന്ന ലാബ് ഉപകരണങ്ങൾ വാങ്ങുന്നതിനായി വൌച്ചർ നം. 22301021 തീ. 30.03.2024 പ്രകാരം അവന്യൂ ഹെൽത്തെയർ സൊല്യൂഷൻസ് , പെരിന്തൽമണ്ണ എന്ന സ്ഥാപനത്തിന് 88665/- രൂപ നൽകിയിട്ടുണ്ട്.

ക്രമ നം.	ഉപകരണം	എണ്ണം
1	Pipette (1 Ml Fixed)	2
2	Pipette (10 Ml Fixed)	2
3	Pipette (5 Ml Fixed)	2
4	Pipette (100-1000 Ml Fixed)	2
5	Pipette (500 Ml Fixed)	2
6	Pipette (100 Ml)	2
7	Centrifuge (8 Well)	1
8	Safety Hood	1

പ്രസ്തുത വാങ്ങലുമായി ബന്ധപ്പെട്ട് 15.01.2024 ക്ഷണിച്ച ക്വട്ടേഷനിൽ 6 സ്ഥാപനങ്ങൾ പങ്കെടുക്കുകയും അതിൽ 4 സ്ഥാപനങ്ങളുടെ ക്വട്ടേഷൻ പരിഗണിക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്ത് നടത്തിയ താരതമ്യ പഠനം താഴെ ചേർക്കുന്നു.

ക്രമ നം.	സ്ഥാപനം	കോട്ട് ചെയ്ത

		തുക (@ 1 യൂണിറ്റ്)
1	അവന്യൂ ഹെൽത്തെയർ സൊല്യൂഷൻസ്	57784.6
2	ആർഗൺ സയന്റിഫിക്	58439.5
3	ന്യൂക്ലിയസ് ഡയഗ്നോസ്റ്റിക്സ്	59177
4	കെയർ വൺ	39591

മേൽപ്പട്ടികയിൽ നിന്നും കെയർ വൺ എന്ന സ്ഥാപനമാണ് ഏറ്റവും കുറഞ്ഞ തുക കോട്ട് ചെയ്തത് എന്ന് വ്യക്തമാണ് (39591/-). ഈ സ്ഥാപനത്തിൽ നിന്നും ഉപകരണങ്ങൾ വാങ്ങിയിരുന്നെങ്കിൽ സി.എച്ച്.സിയിലേക്ക് ആവശ്യമായ അളവിലുള്ള സാമഗ്രികൾക്ക് 53700.64/- രൂപ (47947 + GST) മാത്രമേ നൽകേണ്ടി വരുമായിരുന്നുള്ളൂ. എന്നാൽ, ഉയർന്ന നിരക്ക് കോട്ട് ചെയ്ത അവന്യൂ ഹെൽത്തെയർ സൊല്യൂഷൻസ് എന്ന സ്ഥാപനത്തിനാണ് സപ്ലൈ ഓർഡർ നൽകിയത് എന്ന് ഫയലിൽ നിന്ന് വ്യക്തമാവുന്നു. ഈ സാഹചര്യത്തിൽ ഉയർന്ന നിരക്ക് കോട്ട് ചെയ്ത സ്ഥാപനത്തിൽ നിന്ന് 88665/- രൂപ നൽകി സാമഗ്രികൾ വാങ്ങിയത് 34964/- രൂപയുടെ അധിക ചെലവ് ഉണ്ടാക്കിയതായി കാണുന്നു. അധിക നിരക്ക് കോട്ട് ചെയ്ത സ്ഥാപനത്തിൽ നിന്ന് ഉപകരണങ്ങൾ വാങ്ങുന്നതിന് പഞ്ചായത്തിന്റെയോ പ്രോക്യൂർമെന്റ് കമ്മിറ്റിയുടെയോ തീരുമാനം ഇല്ല. അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (നം. 28/2023-24 തീ. 19.11.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. കുറഞ്ഞ തുക കോട്ട് ചെയ്ത സ്ഥാപനത്തെ മറികടന്ന് അധിക നിരക്ക് കോട്ട് ചെയ്ത സ്ഥാപനത്തിൽ നിന്ന് സാമഗ്രികൾ വാങ്ങിയതിന് ന്യായമായ സാധൂകരണം രേഖാമൂലം നൽകേണ്ടതാണ്. 34964/- രൂപ അധികം നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. സാമ്പത്തിക ബാധ്യത നിർവഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

2. <u>യഥാർത്ഥ ചെലവ് സുലേഖ പത്രികയിൽ പ്രതിഫലിക്കുന്നില്ല</u>

മേൽ പ്രോജക്ടിന്റെ യഥാർത്ഥ ചെലവ് 534,192/- രൂപയാണ്. വിശദവിവരം താഴെ നൽകുന്നു.

ക്രമ നം.	വൌച്ചർ/ബിൽ നം., തീയതി	തുക (രൂപ)
1	22300972 തീ. 25.03.2024	14506
2	22301011 തീ. 29.03.2024	97971
3	22300946 തീ. 20.03.2024	1990
4	22300860 തീ. 29.02.2024	61432

5	22300856 തീ. 28.02.2024	25116
6	22301021 തീ. 30.03.2024	88665
7	22301012 തീ. 29.03.2024	29972
8	22301020 തീ. 30.03.2024	10516
9	22301022 തീ. 30.03.2024	9575
10	22301025 തീ. 30.03.2024	58410
11	22301026 തീ. 30.03.2024	3660
12	22301052 തീ. 31.03.2024	92763
13	22301036 തീ. 31.03.2024	14246
14	22300861 തീ. 29.02.2024	25370
ആകെ		**534192**

എന്നാൽ സുലേഖ പത്രിക പ്രകാരം പ്രോജക്ടിന്റെ ചെലവ് 508822/- രൂപയാണ്.

സുലേഖ പത്രിക പ്രകാരമുള്ള ചെലവ്	യഥാർത്ഥ ചെലവ്	വ്യത്യാസം.
508822	534192	25370

25370/- രൂപയുടെ ചെലവ് സുലേഖ പത്രികയിൽ പ്രതിഫലിക്കുന്നില്ല.

1-27 വാങ്ങൽ നടപടികൾ പാലിക്കാതെ നടീൽ വസ്തുക്കൾ വാങ്ങി.

പ്രൊജക്റ്റ്	108/24 : സമഗ്ര നെൽകൃഷി വികസനം
അടങ്കൽ	10,00,000(DFG)+ 4,25,000 (BP)+ 2,00,000 (DP) = 16,25,000
ചെലവ്	10,00,000(DFG)+ 4,25,000 (BP)+ 2,00,000 (DP) = 16,25,000
ബിൽ നമ്പർ	BR No. 231506520347009189*42 11-12-23 Rs. 72,240/-* BR No. 231506520347009380*06 13-12-23 Rs. 1,94,880/-*
നിർവ്വഹണം	കൃഷി ഓഫീസർ

മേൽ പ്രൊജക്ട് പ്രകാരം മങ്കട അഗ്രികൾച്ചറൽ & ജനറൽ മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്ന സ്ഥാപനത്തിന്റെ ഇൻവോയ്സ് നമ്പർ 4347 Dt. 21-8-2023 -ന്റെ അടിസ്ഥാനത്തിൽ Paddy Seed Ponmani 6360 KG @ 42 Rs. 2,67,120/- രൂപക്ക് നേരിട്ട് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഇവ സ.ഉ.(കൈ) നം. 115/2022/തസ്വഭവ/28-5-2022 പ്രകാരമുള്ള സബ്സിഡി മാർഗരേഖയുടെ ഖണ്ഡിക 6.1 ലെ ക്രമ നം. 4 ലെ 6-ാമത്തെ നിബന്ധനകളിൽ അംഗീകരിച്ച

നേരിട്ട് സാധനങ്ങൾ വാങ്ങാൻ അനുവാദമുള്ള സ്ഥാപനങ്ങളിൽ ഉൾപ്പെടുന്നില്ല. അപാകതക്ക് വിശദീകരണം അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 13/16.11.2024 ഓഡിറ്റ് എൻകൃയറിക്ക് സബ്സിഡി മാർഗരേഖയിൽ പ്രദിപാദിക്കുന്ന സ്ഥാപനങ്ങളിൽ NSCയിൽ നിന്ന് മാത്രമെ പൊൻമണി നെൽവിത്ത് ലഭിക്കുകയുള്ളൂ എന്നും NSC ക്ക് സപ്ലൈ ഓർഡർ നൽകിയെങ്കിലും സ്റ്റോക്ക് ലഭ്യമല്ല എന്ന് അറിയിച്ചതിനെ തുടർന്ന് സമയബന്ധിതമായി വിത്തിറക്കി കർഷകർക്ക് വിതരണം ചെയ്യാൻ സാധിച്ചില്ലെങ്കിൽ ആയത് മുണ്ടകൻ നെൽ കൃഷിയെ പ്രതികൂലമായി ബാധിക്കാൻ ഇടയുള്ളതിനാലാണ് പൊൻമണി നെൽവിത്ത് ലഭ്യമായ മങ്കട അഗ്രികൾച്ചറൽ & ജനറൽ മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്ന സ്ഥാപനത്തിനെ തിരഞ്ഞെടുത്തത് എന്ന മറുപടി ലഭ്യമാക്കി. പ്രോജക്ട് നടപ്പിലാക്കുമ്പോൾ സബ്സിഡി മാർഗ്ഗരേഖ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-28 ഭിന്നശേഷി സ്കോളർഷിപ്പ് വിതരണം- ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് അധിക തുക തിരിച്ചടവാക്കി

പ്രൊജക്റ്റ്	77/24 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്.
അടങ്കൽ	2331100/-രൂപ (1531100 പ്ലാൻ ഫണ്ട് വിഹിതം + 600000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം + 20000 ജില്ലാ പഞ്ചായത്ത് വിഹിതം)
ചെലവ്	ചെലവ് 2331100/- രൂപ (1531100 പ്ലാൻ ഫണ്ട് വിഹിതം + 600000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം + 200000 ജില്ലാ പഞ്ചായത്ത് വിഹിതം)
നിർവ്വഹണം	ഐ.സി.ഡി.എസ് സൂപ്പർവൈസർ

ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ, 2023-24 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ)നം. 115/2022/ത.സ്വ.ഭ.വ തിയതി. 28.05.2022 ഖണ്ഡിക 7.1.6 (എ) പട്ടിക പ്രകാരം ശാരീരിക വെല്ലുവിളികൾ നേരിടുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾ പഠിക്കുന്ന ക്ലാസിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ള തുകകളിൽ നിന്നും അധികരിച്ച് ഒരു വിദ്യാർത്ഥിക്ക് സ്കോളർഷിപ്പ് തുക അനുവദിച്ചതായി കണ്ടു. വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

വിദ്യാർത്ഥിയുടെ പേര്, പഠിക്കുന്ന ക്ലാസ്, സ്ഥാപനം	ഭിന്നശേഷി സ്വഭാവം,	അനുവദിക്കാമായിരുന്ന തുക	അനുവദിച്ച തുക, ബിൽ വിവരം	അധികം നൽകിയ തുക

മുഹമ്മദ് ഹാഷിം ,വലിയപറമ്പൻ ക്ലാസ് : ഒന്ന്	Hearing Loss 96%	12xപ്രതിമാസ തുക 400+ വാർഷിക ബത്ത 500=5300/-	BRN 23150652035101483798/24-03-2024 28500/- രൂപ അനുവദിച്ചു.	23200/-

ഓഡിറ്റ് എൻകൗയറി (02/15.11.2024) നൽകിയതിനെ തുടർന്ന് 19.11.2024 ലെ 1240102671 നമ്പർ രശീതി പ്രകാരം 23200/- രൂപ ഗ്രാമപഞ്ചായത്തിൽ തിരിച്ചടവാക്കി. സ്കോളർഷിപ്പ് നൽകുമ്പോൾ സബ്സിഡി മാർഗ്ഗരേഖപ്രകാരമുള്ള തുക തന്നെയാണ് അനുവദിക്കുന്നതെന്ന് നിർവഹണ ഉദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതാണ്.

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ - അധിക തുക നൽകി.

മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി.) നിർവ്വഹണം നടത്തിയ 'രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ' എന്ന പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

പ്രോജക്ട് നം.	279/24
പ്രോജക്ടിന്റെ പേര്	രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി.)
ആകെ അടങ്കൽ	1098000 (ഹെൽത്ത് ഗ്രാന്റ് – 1098000)
ആകെ ചെലവ്	508822/- (ഹെൽത്ത് ഗ്രാന്റ് - 508822)

1. ലാബ് ഉപകരണങ്ങൾ വാങ്ങിയത്: കുറഞ്ഞ നിരക്ക് കോട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നും വാങ്ങിയില്ല

മേൽ പ്രോജക്ടിന് കീഴിൽ താഴെ പറയുന്ന ലാബ് ഉപകരണങ്ങൾ വാങ്ങുന്നതിനായി വൌച്ചർ നം. 22301021 തീ. 30.03.2024 പ്രകാരം അവന്യൂ ഹെൽത്തെയർ സൊല്യൂഷൻസ് , പെരിന്തൽമണ്ണ എന്ന സ്ഥാപനത്തിന് 88665/- രൂപ നൽകിയിട്ടുണ്ട്.

ക്രമ നം.	ഉപകരണം	എണ്ണം
1	Pipette (1 Ml Fixed)	2
2	Pipette (10 Ml Fixed)	2
3	Pipette (5 Ml Fixed)	2
4	Pipette (100-1000 Ml Fixed)	2
5	Pipette (500 Ml Fixed)	2
6	Pipette (100 Ml)	2
7	Centrifuge (8 Well)	1
8	Safety Hood	1

പ്രസ്തുത വാങ്ങലുമായി ബന്ധപ്പെട്ട് 15.01.2024 ക്ഷണിച്ച ക്വട്ടേഷനിൽ 6 സ്ഥാപനങ്ങൾ പങ്കെടുക്കുകയും അതിൽ 4 സ്ഥാപനങ്ങളുടെ ക്വട്ടേഷൻ പരിഗണിക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്ത് നടത്തിയ താരതമ്യ പഠനം താഴെ ചേർക്കുന്നു.

ക്രമ നം.	സ്ഥാപനം	കോട്ട് ചെയ്ത തുക (@ 1 യൂണിറ്റ്)
1	അവന്യൂ ഹെൽത്തെയർ സൊല്യൂഷൻസ്	57784.6
2	ആർഗൺ സയന്റിഫിക്	58439.5
3	ന്യൂക്ലിയസ് ഡയഗ്നോസ്റ്റിക്സ്	59177

4	കെയർ വൺ	39591

മേൽപ്പട്ടികയിൽ നിന്നും കെയർ വൺ എന്ന സ്ഥാപനമാണ് ഏറ്റവും കുറഞ്ഞ തുക കോട്ട് ചെയ്തത് എന്ന് വ്യക്തമാണ് (39591/-). ഈ സ്ഥാപനത്തിൽ നിന്നും ഉപകരണങ്ങൾ വാങ്ങിയിരുന്നെങ്കിൽ സി.എച്ച്.സിയിലേക്ക് ആവശ്യമായ അളവിലുള്ള സാമഗ്രികൾക്ക് 53700.64/- രൂപ (47947 + GST) മാത്രമേ നൽകേണ്ടി വരുമായിരുന്നുള്ളൂ. എന്നാൽ, ഉയർന്ന നിരക്ക് കോട്ട് ചെയ്ത അവന്യൂ ഹെൽത്തെയർ സൊല്യൂഷൻസ് എന്ന സ്ഥാപനത്തിനാണ് സപ്ലൈ ഓർഡർ നൽകിയത് എന്ന് ഫയലിൽ നിന്ന് വ്യക്തമാവുന്നു. ഈ സാഹചര്യത്തിൽ ഉയർന്ന നിരക്ക് കോട്ട് ചെയ്ത സ്ഥാപനത്തിൽ നിന്ന് 88665/- രൂപ നൽകി സാമഗ്രികൾ വാങ്ങിയത് 34964/- രൂപയുടെ അധിക ചെലവ് ഉണ്ടാക്കിയതായി കാണുന്നു. അധിക നിരക്ക് കോട്ട് ചെയ്ത സ്ഥാപനത്തിൽ നിന്ന് ഉപകരണങ്ങൾ വാങ്ങുന്നതിന് പഞ്ചായത്തിന്റെയോ പ്രോക്യൂർമെന്റ് കമ്മിറ്റിയുടെയോ തീരുമാനം ഇല്ല. അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (നം. 28/2023-24 തീ. 19.11.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. കുറഞ്ഞ തുക കോട്ട് ചെയ്ത സ്ഥാപനത്തെ മറികടന്ന് അധിക നിരക്ക് കോട്ട് ചെയ്ത സ്ഥാപനത്തിൽ നിന്ന് സാമഗ്രികൾ വാങ്ങിയതിന് ന്യായമായ സാധൂകരണം രേഖാമൂലം നൽകേണ്ടതാണ്. അധികം നൽകിയ 34964/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. സാമ്പത്തിക ബാധ്യത നിർവഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

വർഷം	പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ /തീയതി
2023-24	2023-24 വർഷത്തെ ഓഡിറ്റ് കാലയളവിൽ പരിശോധിച്ചു	ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി

4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നല്കിയ സ്ഥാപനം	ലഭിച്ച തുക	പദ്ധതി പേര്, നം	ചെലവഴിച്ച തുക	നീക്കിയിരിപ്പ്

ബ്ലോക്ക് പഞ്ചായത്ത്	425000	108/24 – സമഗ്ര നെൽ കൃഷി വികസനം	425000	0
	425000	6/24 – ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി	425000	0
	1475000	59/24- ലൈഫ് ഭൂമിയുള്ള ഭവന രഹിതർ എസ്.സി.	1475000	0
	600000	77/24 - ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്	600000	0
	1000000	157/24- ലൈഫ് ഭൂമിയുള്ള ഭവന രഹിതർ ജനറൽ	1000000	0
ആകെ	**3925000**		**3925000**	**0**

4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നം./ ബിൽ/ചെക്ക് നം.	മുൻകൂർ നിലിയ തുക	ചെലവഴിച്ച തുക	പൂർത്തീകരിച്ച വിവരം	ചെലവഴിക്കാൻ ബാക്കി യുള്ള തുക
	ജില്ലാ പഞ്ചായത്ത്	200000	75/24 – ഗ്രാമീണ മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്	200000	0	
	ജില്ലാ പഞ്ചായത്ത്	200000	108/24 – സമഗ്ര നെൽ കൃഷി വികസനം	200000	0	
	ജില്ലാ പഞ്ചായത്ത്	225000	84/24 – പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്	225000	0	
	ആകെ	**625000**		**625000**	**0**	

കെ.എസ്.ഇ.ബി	326/24, വാർഡ് 11ലെ പറമ്പിൽ പീടിക കൊടശ്ശേരിപൊറ്റ റോഡിലെ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ	19/24.02.24	18585	0	പൂർത്തീകരിച്ചിട്ടില്ല-UC ലഭ്യമായിട്ടില്ല.	18585
	281/24, വാർഡ് 2ൽ തടത്തിൽ കോളനി റോഡ് സൈഡിലെ രണ്ട് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ	22300683/19.12.23	38207	0	പൂർത്തീകരിച്ചിട്ടില്ല-UC ലഭ്യമായിട്ടില്ല.	38207
	10, 13 വാർഡുകളിൽ കൊല്ലംചിറ അത്രപ്പിൽകുണ്ട് - മേഗോളിമാട് ഏരിയയിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ	22300147/08.06.23	42872	0	പൂർത്തീകരിച്ചിട്ടില്ല-UC ലഭ്യമായിട്ടില്ല.	42872
	221/24, സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ-ചേളാരി (So)	22300821/13.02.24	586106	0	പൂർത്തീകരിച്ചിട്ടില്ല-UC ലഭ്യമായിട്ടില്ല.	586106
5	320/24, സോളാർ ലൈറ്റ് സ്ഥാപിക്കൽ	22300968/23.03.24	49500	45125	പൂർത്തീകരിച്ചു	4375രൂപ തിരിച്ചടവാക്കി

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ /വായ്പ തിരിച്ചടവ്

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തിയ്യതി	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
ലൈഫ് ഭവന പദ്ധതി	സ.ഉ. 68/2018/ ത.സ്വ.ഭ.വ. തീ. 18.05.2018	19540000	7260757	2090759	0	24709998

കുറിപ്പ്:- ലോൺ രജിസ്റ്റർ പ്രകാരം 2023-24 സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ വായ്പയിനത്തിൽ നീക്കിയിരിപ്പ് -50000/- രൂപയാണ്. എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-5 – പ്രകാരം ബാധ്യതയായി ബുക്ക് ചെയ്ത Secured Loans – Loans From KURDFC) തുക 24709998/- രൂപയാണ്. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

റിപ്പോർട്ട് വർഷം	ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രശീത് നം
2021-22	1-17	3500	ഡോ. ഷിജി എൻ.എ., വെറ്ററിനറി സർജൻ	1230101932/05.07.2023
2022-23	1-34(2) & 3-1(2)	10844	നന്ദകുമാർ പി., അസിസ്റ്റന്റ്	1230104888/20.01.2024

			എഞ്ചിനീയർ	
2022-23	1-35(3) & 3-1(3)	13320	നന്ദകുമാർ പി., അസിസ്റ്റന്റ് എഞ്ചിനീയർ	1230104943/23.01.2023
2022-23	1-35(1) & 3-1(1)	8097	നന്ദകുമാർ പി., അസിസ്റ്റന്റ് എഞ്ചിനീയർ	1230105051/24.01.2023
		35761		

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഓഡിറ്റ് വർഷം	ഖണ്ഡിക	സാമഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	നിലവിലെ സ്ഥിതി
2015-16	2(1),2(3),2(4)	2016-17	2(1),2(3),2(4)	തൊഴിൽ നികുതി	നിലനിൽക്കുന്നു.

4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം.

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ). സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ)	218664435
ഓഡിറ്റ് വർഷത്തെ ചെലവ്	167374144
വരവിനങ്ങളിലുള്ള നഷ്ടം	0
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	34964/-
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	**906890**

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	തുക (₹)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3-1	34964/-	ഡോ. മുഹമ്മദ് റാസി പി, മെഡിക്കൽ ഓഫീസർ

(സി). ഓഡിറ്റിൽ തടസ്സപ്പെട്ടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക (₹)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-15	642898	ശ്രീകല എം., സെക്രട്ടറി
1-15	42872	ശൈലജ എം., സെക്രട്ടറി
1-23	81120	ഡോ. ജാബിർ.കെ, വെറ്ററിനറി സർജൻ
1-21	140000	ശ്രീകല എം., സെക്രട്ടറി
ആകെ	**906890**	

(ഡി). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ). നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്). റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും.

ഉത്തരവാദിയായ ആളുടെ പേര്	നിലവിലെ ഉദ്യോഗപ്പേര്	സ്ഥിര മേൽവിലാസം
ഡോ. മുഹമ്മദ് റാസി. പി, മെഡിക്കൽ ഓഫീസർ	മെഡിക്കൽ ഓഫീസർ, സി.എച്ച.സി പെരുവള്ളൂർ	പൂക്കാട്ടിൽ പുത്തൂർ പി.ഒ കോട്ടക്കൽ മലപ്പുറം പിൻ : 676503 Ph : 9995600600

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം

2002-03-ചെലവ്	കെ.എസ്.എ.എം.പി.എം.15/2146/2022(1)/30.09.2022	1
2004-05	കെ.എസ്.എ.എം.പി.എം.15/2146/2022(3) തീ. 30.09.2022	1
2005-06	കെ.എസ്.എ.എം.പി.എം.15/1643/2023 തീ. 04.01.2022	1
2006-07	കെ.എസ്.എ.എം.പി.എം.15/2146/2022(5) തീ. 01.11.2023	1
2007-08	കെ.എസ്.എ.എം.പി.എം.15/2146/2022(6) തീ. 30-9-2022	6
2009-10	എൽ.എഫ്.എം 15/2146/2022(8) തീ. 30.09.2022	1
2013-14, 2014-15	കെ.എസ്.എ.എം.പി.എം 15/2146/22(10) തീ. 30.09.2022	2
2015-16	കെ.എസ്.എ.എം.പി.എം.15/3004/2016 തീ. 19.02.2018	2
2016-17	കെ എസ് എ.എം.പി.എം.15/1286/2017 തീ. 04.12.2023	3
2017-18	കെ എസ് എ.എം.പി.എം.15/259/2019 തീ. 04.12.2023	12
2018-19	കെ.എസ്.എ എം.പി.എം15/204/2020 തീ. 04.12.2023	5
2019-20	കെ.എസ്.എ.എം.പി.എം15/1453/2021 തീ. 04.12.2023	5
2020-21	കെ.എസ്.എ എം.പി.എം15/1454/2021 തീ. 05.09.23	6
2021-22	കെ.എസ്.എ എം.പി.എം15/2395/2022 തീ. 04.01.23	7
2022-23	കെ.എസ്.എ എം.പി.എം15/2713/2023 തീ. 23.12.2024	25

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 2(1) dated 24-06-2024 and submitted on 26-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Peruvallur Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Peruvallur Grama Panchayat as on 31-03-2024

Date: 17/12/2024 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Peruvallur Grama Panchayat for the Year 2023-2024.

1.Major Observations

2.Other Observations

1) Notes of the secretary on the Annual Financial Statement as required by Rule 62(2)(e) of the Kerala Panchayat Raj Account Rules, 2011, Key Annual Ratios as per Rule 62(2)(f), comparative amounts of the previous as per Rule 62(3) are not included in the Annual Financial Statement submitted for audit.

2) As the Asset Register was not up to date, it was rendered impossible to check the correctness of the money value of fixed assets recorded in the Annual Financial Statement.

3) The amount titled Net increase in cash and cash equivalance in the cash flow statement does not match with the amount titled Net cash generated by Operating + Investing + Financing Activity (A+B+C)ÂÂ™ in the same statement.

4) Records associated with fixed asset depreciation such as rate of depreciation, book value of assets and life time of assets are not kept. This made it difficult to ascertain the correctness of the depreciation values entered in the Annual Financial Statement.

5) The head of account titled Prior Period Income appears on the expenditure side of the Income and Expenditure statement. The sign of the value corresponding to the head Prior Period Expenses stands in the way of the equation Net Difference (D) = Difference between Prior Period Income and Prior Period Expenses.

6) Demand as per the Annual Financial Statement does not match with the demand as per the corresponding registers in the following items.

(i) Profession Tax of Employees

(ii) Profession Tax of Institutions

(iii) Property Tax

(iv) Registration Fee for Private Hospitals and Paramedical Institutions

7) Liability in terms of Loan from KURDFC at the end of the FY recorded in the Annual Financial Statement does not match with the figure in the closing balance of the Loan Register.

8) Bankbook balance as on 31.03.2024 in the bank account of own fund (No. 20050001664) as per the bank reconciliation statement does not match with manual bank book.

9) Items recorded as Cheque Deposited in the bank reconciliation statement have not yet been credited to the bank book.

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ പെരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്